# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.- കെ.റ്റി.എം.പി4-275/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/03/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.- കെ.റ്റി.എം.പി4-275/2022 തീയ്യതി: 24/03/2022

## കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-08-2019 മുതൽ 31-08-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ രാധാകൃഷ്ണൻ എം. എൻ. | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 27-01-2022 | 04-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 27-01-2022 | 04-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ., ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ സുമേഷ് പി. വി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ജോഷി തോമസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ആൻസമ്മ സാബു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ഷീബ സ്റ്റീഫൻ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റീന കുര്യൻ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ഷീബ സെബാസ്റ്റ്യൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ. രഞ്ജിത്ത് ജോസഫ് | മെഡിക്കൽ ഓഫീസർ-PHC | 01-04-2019 | 31-03-2020 |
| ഡോ. വേണുകുമാർ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ. പ്രീതി ജി. നായർ | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| വിമൽകുമാർ വി. വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(മരങ്ങാട്ടുപിള്ളി) | 01-04-2019 | 31-03-2020 |
| വിമൽകുമാർ വി. വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കുറിച്ചിത്താനം) | 01-04-2019 | 24-10-2019 |
| സതീഷ് കെ. കെ. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കുറിച്ചിത്താനം) | 25-10-2019 | 25-11-2019 |
| ബിനീഷ് ബി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(കുറിച്ചിത്താനം) | 26-11-2019 | 31-03-2020 |
| ഷെറിൻസ് ജോർജ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| സനീഷ് കെ. ബി. | അസിസ്റ്റന്റ് എഞ്ചിനീയർ(LSGD) | 01-04-2019 | 31-03-2020 |
| സുജാത കെ. കെ. | ഹെഡ്മിസ്ട്രസ്, ഗവ. യു.പി.എസ്. | 01-04-2019 | 31-03-2020 |
| ജെമിനി ജോൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| കെ. ആർ. റാണി തണ്ടാർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണ ഉദ്യോഗസ്ഥനായ ഡയറി ഫാം ഇൻസ്ട്രക്ടർക്ക് 2019-20 വർഷം പ്രോജക്ട് ചെലവ്

ഇല്ലായിരുന്നു.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 29-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 29-01-2022) | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 29-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Sivaraj P (Senior Grade Auditor, On 29-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 29-01-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-4 |
| 5 | വാർഷിക പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 03-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-5 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി<br>Written By: Sivaraj P (Senior Grade Auditor, On 29-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 29-01-2022) | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ<br>Written By: Joshy Thomas (Auditor, On 01-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 02-02-2022) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Joshy Thomas (Auditor, On 01-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 01-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Maya R (Audit Officer, On 03-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 03-02-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 29-01-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 03-02-2022) | 1-10 |
| 11 | കെട്ടിടം വിഭജിച്ച് നൽകിയപ്പോൾ നികുതി കുറവായി പുനർനിർണയിച്ചു<br>Written By: Joshy Thomas (Auditor, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-11 |
| 12 | ക്രമവൽക്കരണം-ജില്ലാ അദാലത്ത് തീരുമാനം നടപ്പായില്ല-കെട്ടിടങ്ങൾ അനധികൃതമായി തുടരുന്നു<br>Written By: Joshy Thomas (Auditor, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-12 |
| 13 | വസ്തുനികുതി കുടിശികയായി തുടരുന്നു<br>Written By: Joshy Thomas (Auditor, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-13 |
| 14 | ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 04-02-2022) | 1-14 |
| 15 | ലൈസൻസ് നടപടിക്രമങ്ങളിലെ അപാകതകൾ<br>Written By: Sivaraj P (Senior Grade Auditor, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-15 |
| 16 | റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ്-ജി.എസ്.ടി. പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തു<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 04-02-2022) | 1-16 |

| | | |
|---|---|---|
| 17 | ബാരൽ വില തനത്ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല<br>Written By: Maya R (Audit Officer, On 01-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-17 |
| 18 | ഔദ്യോഗികമല്ലാത്ത യാത്രകൾക്ക് യാത്രപ്പടി നൽകി<br>Written By: Sumesh P V (Asst. Audit Officer, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-18 |
| 19 | കോ-ഓപ്പറേറ്റീവ് റിക്കവറി അടവാക്കൽ - രേഖകൾ ലഭ്യമായില്ല<br>Written By: Sumesh P V (Asst. Audit Officer, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-19 |
| 20 | അടവ് / കൈപ്പറ്റ് വിവരങ്ങളില്ല<br>Written By: Sumesh P V (Asst. Audit Officer, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-20 |
| 21 | ഔദ്യോഗിക വാഹനത്തിന്റെ ടയർ മാറ്റൽ - അംഗീകാരം വാങ്ങിയില്ല<br>Written By: Sumesh P V (Asst. Audit Officer, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-21 |
| 22 | നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്റർ സ്ഥാപിക്കലും-പാഴ് ചെലവ്<br>Written By: Sumesh P V (Asst. Audit Officer, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-22 |
| 23 | അംഗനവാടി വയറിംഗ് - കുറഞ്ഞ ടെണ്ടർ അംഗീകരിക്കാത്തതിനാൽ നഷ്ടം<br>Written By: Sumesh P V (Asst. Audit Officer, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-23 |
| 24 | വാട്ടർ പ്യൂരിഫയർ വാങ്ങൽ - അപാകതകൾ<br>Written By: Sumesh P V (Asst. Audit Officer, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-24 |
| 25 | സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ - ഇൻസ്റ്റലേഷൻ വിവരമില്ല<br>Written By: Sumesh P V (Asst. Audit Officer, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-25 |
| 26 | സ്കൂളുകൾക്ക് പ്രഭാത ഭക്ഷണം - ക്വൊട്ടേഷൻ ക്ഷണിച്ചില്ല<br>Written By: Sumesh P V (Asst. Audit Officer, On 04-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 04-02-2022) | 1-26 |
| 27 | കന്നുകുട്ടി പരിപാലനം<br>Written By: Sivaraj P (Senior Grade Auditor, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-27 |
| 28 | തുമ്പൂർമൂഴി പ്രൊജക്ട്-ലക്ഷ്യം കൈവരിച്ചില്ല<br>Written By: Joshy Thomas (Auditor, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-28 |
| 29 | ഹരിത കർമ്മസേനയുടെ പ്രവർത്തനം-ഫലപ്രദമായി നടപ്പാക്കേണ്ടതാണ്<br>Written By: Joshy Thomas (Auditor, On 04-02-2022)<br>Last Updated By: Joshy Thomas (Auditor, On 04-02-2022) | 1-29 |
| 30 | റോഡ് കോൺക്രീറ്റിങ്ങിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത<br>Written By: Maya R (Audit Officer, On 01-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-03-2022) | 1-30 |
| 31 | മുഴുവൻ പ്രവർത്തികളും പൂർത്തീകരിക്കാതെ ഫൈനൽ ബിൽ നൽകി<br>Written By: Maya R (Audit Officer, On 01-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-31 |
| 32 | GST ഈടാക്കിയിട്ടില്ല<br>Written By: Maya R (Audit Officer, On 01-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 1-32 |
| 33 | വർക്കേഴ്സ് വെൽഫെയർ ഫണ്ടിൽ നിന്നും 1% തുക സർവീസ് ചാർജ് ഈടാക്കിയിട്ടില്ല<br>Written By: Maya R (Audit Officer, On 01-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2022) | 1-33 |
| 34 | മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള | 1-34 |

| | | |
|---|---|---|
| | മാസങ്ങളിലും നൽകുന്ന<br>Written By: Joshy Thomas (Auditor, On 04-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2022) | |
| 35 | വിനിയോഗവിവരം ലഭ്യമാകാത്ത ഡെപ്പോസിറ്റ് വർക്കുകൾ<br>Written By: Sumesh P V (Asst. Audit Officer, On 04-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 04-02-2022) | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 02-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 02-02-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 02-02-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Sivaraj P (Senior Grade Auditor, On 02-02-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sivaraj P (Senior Grade Auditor, On 02-02-2022)<br>Last Updated By: Ramamol Velayudhan (Computer Assistant, On 23-03-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2019-20 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 23/02/2019 തീയതിയിലെ 17(4)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് (Budget) | 2019-20 R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 5,878,463/- | 15,422,397/- |
| വരവ് | 92,604,717/- | 38,024,288/- |
| ആകെ | 98,483,180/- | 53,446,685/- |
| ചെലവ് | 93,234,587/- | 38,436,084/- |
| നീക്കിയിരിപ്പ് | 5,248,593/- | 15,010,601/- |

ബജറ്റ് പ്രകാരം 9.26 കോടി രൂപയുടെ പ്രതീക്ഷിത വരവും 9.32 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക(I&E) പ്രകാരം വരുമാനം 5.41 കോടി രൂപയും ചെലവ് 5.86 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 54,143,114/- രൂപയും ചെലവ് 58,574,426/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 4,431,312/- രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 101,367,449/- രൂപയും ബാധ്യതകളുടെ മൂല്യം 100,216,693/- രൂപയും ജനറൽ ഫണ്ട് 1,150,756/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. ഗുണഭോക്തൃ വിഹിതമായ 7,133/- അവശേഷിക്കുന്നത് മുന്നിരിപ്പുണ്ടായിരുന്ന തുകയാണ്. ഏത് പ്രോജക്ടിന് ലഭിച്ച തുകയാണ് എന്ന് എ.സി.ആറിൽ ചേർത്തിട്ടില്ല. ഗുണഭോക്തൃ വിഹിതം തൻവർഷ വരവ് 15,356/- രൂപയുടെ വിശദാംശം എ.സി.ആറിൽ ചേർത്തിട്ടില്ല.
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ(B-7ഷെഡ്യൂൾ) മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
4. മരാമത്ത് റോഡ് പ്രവൃത്തികളുടെ കാലിബാരൽ വില 12,972/- രൂപ ലഭിച്ചത് Sale Of Empties And Wastes ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.
5. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. പഞ്ചായത്ത്

ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

7. ആസ്തികളുടെ മൂല്യശോഷണം I-17(a) പ്രകാരം മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ കൃത്യത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല. മുൻവർഷങ്ങളിലെ ആസ്തി മൂല്യ ശോഷണം 280800701-Prior Period-Miscellaneous Expenses ശീർഷകത്തിലേക്ക് ക്രമീകരിച്ചതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.
8. 2019-20 വർഷം റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനും ആസ്തിയായി 410300101-Roads-Cement Concrete ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല. 252200101-Roads General എന്ന റവന്യൂ ശീർഷകത്തിൽ 1,187,261/- രൂപ റോഡുകളുടെ ആസ്തിമൂല്യം അക്കൗണ്ട് ചെയ്തിരിക്കുന്നു. പ്രസ്തുത അക്കൗണ്ടിങ്ങ് അപാകത മൂലം തൻവർഷം ചെയ്ത റോഡ് ആസ്തികൾ മുഴുവനായും 31/03/2020 ബാലൻസ് ഷീറ്റിൽ പ്രതിഫലിച്ചിട്ടില്ല.
9. 31/03/2020 ബാലൻസ് ഷീറ്റ് B-7 ഷെഡ്യൂൾ പ്രകാരം വാടക നിക്ഷേപം(Rent Deposit) 207,493/- രൂപയാണ് പഞ്ചായത്ത് ഫണ്ടിലുള്ളത്. എന്നാൽ ഏതെല്ലാം കുത്തകക്കാരിൽ നിന്നാണ് ടി തുക ഈടാക്കിയിട്ടുള്ളത് എന്ന് വാടക ഡിമാന്റ് രജിസ്റ്ററിലോ ഡെപ്പോസിറ്റ് രജിസ്റ്ററിലോ ചേർത്തിട്ടില്ല.
10. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
11. വാടക ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ടെങ്കിലും കണക്കുകൾ ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ളത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. ലൈസൻസ് ഫീസ് കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല.
12. 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-18 പ്രകാരം വസ്തുനികുതി 65,797/- രൂപയും സർവ്വീസ് സെസ്സ് 9,052/- രൂപയും മുൻവർഷങ്ങളിലെ ഡിമാന്റ് Prior Period ഇനമായി ക്രമീകരിച്ച് കുറവു ചെയ്തിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശവും വിശദീകരണവും ലഭ്യമാക്കിയില്ല.
13. 115/20 നം. പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ 69-ാം നം. അംഗൻവാടിയിൽ മഴവെള്ള സംഭരണി സ്ഥാപിക്കാൻ Integrated Rural Technology Centre(IRTC)-യിൽ മുൻകൂർ തുക 21,400/- രൂപ നിക്ഷേപിച്ചത് അഡ്വാൻസായി അക്കൗണ്ട് ചെയ്തിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത മൂലം ടി തുക 31/03/2020 ലെ ബാലൻസ് ഷീറ്റ് B-18 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല.
14. പ്രോജക്ട് നം.3/20 പ്രകാരം ഗുണഭോക്താവ് നേരിട്ട് ചെലവഴിച്ച 52,750/- രൂപ അക്കൗണ്ട് ചെയ്തില്ല. ആയതിനാൽ 2019-20 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക I-6 ഷെഡ്യൂൾ 160300206 ശീർഷകത്തിൽ പ്രസ്തുത ചെലവ് തുകയ്ക്ക് തുല്യമായ മൂല്യം പ്രതിഫലിച്ചിട്ടില്ല.
15. പ്രോജക്ട് നം.1/20 പദ്ധതി രൂപീകരണത്തിനായി തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചത് 103,017/- രൂപയാണ്. ചെലവ് പത്രികയിൽ 38,766/- രൂപയുടെ ചെലവ് മാത്രമാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.
16. 2019-20 റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം 1,308,982/- രൂപയാണ് കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചതായി അക്കൗണ്ട് ചെയ്തത്. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ഡെപ്പോസിറ്റ് തുകയുമായി 10,609/- രൂപയുടെ വ്യത്യാസം കാണുന്നു.
17. ജേർണൽ വൗച്ചർ ക്രമീകരണത്തിലെ അപാകത മൂലം 252200401 റവന്യൂ ചെലവ് ശീർഷകത്തിൽ നെഗറ്റീവ് ബാലൻസ് പ്രതിഫലിക്കുന്നു(I-14(b)).

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 15,422,397/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 38,024,288/- |
| ആകെ | 53,446,685/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38,436,084/- |
| നീക്കിയിരിപ്പ് | 15,010,601/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 517368/- |

## 1-4 ഫണ്ട് വിനിയോഗം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 10,578,000/- | 10,578,000/- | 8,881,851/- | 1,696,149/- | 83.97 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 2,055,000/- | 2,055,000/- | 2,015,000/- | 40,000/- | 98.05 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 101,000/- | 101,000/- | 101,000/- | - | 100 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8,086,994/- | 8,086,994/- | 4,705,429/- | 3,381,565/- | 58.19 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 7,316,000/- | 7,316,000/- | 3,429,444/- | 3,886,556/- | 46.88 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3,251,000/- | 3,251,000/- | 1,707,982/- | 1,543,018/- | 52.54 |
| TSC | 225,925/- | 0 | 225,925/- | 0 | 225,925/- | - |
| SSA | 70,242/- | 2,419/- | 72,661/- | 0 | 72,661/- | - |
| ICDS | 241,540/- | 473,177/- | 714,717/- | 613,076/- | 101,641/- | - |
| PYCKA | 3,284/- | 0 | 3,284/- | 0 | 3,284/- | - |
| ആയുർവേദ ഫണ്ട് | 75,000/- | 0 | 75,000/- | 0 | 75,000/- | - |
| സംസ്ഥാന ഫണ്ട് | 67,389/- | 2,022/- | 69,411/- | 0 | 69,411/- | - |
| പ്രളയ | 1,459/- | 16/- | 1,475/- | 63/- | 1,412/- | - |

| | | | | | | |
|---|---|---|---|---|---|---|
| സഹായ ഫണ്ട് | | | | | | |
| ഗ്രന്ഥശാല ഫണ്ട് | 0 | 13,610/- | 13,610/- | 13,610/- | 0 | - |
| സാക്ഷരത ഫണ്ട് | 57,030/- | 1,964/- | 58,994/- | 0 | 58,994/- | - |
| ഖരമാലിന്യ നിർമ്മാർജന ഫണ്ട് | 225/- | 0 | 225/- | 0 | 225/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 494,929/- | 0 | 494,929/- | 494,929/- | 0 | - |
| ജലനിധി ഗ്രാന്റ് | 4,265,274/- | 462,803/- | 4,728,077/- | 209,978/- | 4,518,099/- | - |
| പ്രളയ ഗ്രാന്റ് | 31,671/- | 0 | 31,671/- | 31,671/- | 0 | - |

വികസന ഫണ്ടിന്റെ യഥാർത്ഥ അലോട്ട്മെന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. 08/08/2019 ലെ G.O.(Rt) No.6335/2019/Fin പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ആദ്യ ഗഡു ലഭിക്കാനുണ്ടായ കലതാമസത്തിന് 1,994/- രൂപ പലിശ ലഭിച്ചിട്ടുണ്ട്. ബജറ്റ് വിഹിതം 80.85 ലക്ഷവും പലിശയും ഉൾപ്പടെയാണ് 2019-20 ലെ ആകെ അലോട്ട്മെന്റ്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് -ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക G.O. Project | ആകെ അറ്റ അലോട്ട്മെന്റ് ACR |
|---|---|---|---|---|---|
| വികസന ഫണ്ട്- General | 10,578,000/- | ഇല്ല | 10,578,000/- | 199/20-73,529/-<br>205/20-73,530/-<br>ആകെ-147,059/- | 10,430,941/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8,085,000/- | 1,994/- | 8,086,994/- | ഇല്ല | 8,086,994/- |

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൌണ്ട് ചെയ്തതിലെയും ജി.ഓ. പ്രോജക്ടുകൾ ക്രമീകരിച്ചതിലെയും അപാകതകൾ താഴെ ചേർക്കുന്നു.

- ഗ്രാന്റ് പത്രികയിലെ മേഖലാടിസ്ഥാനത്തിലുള്ള അലോട്ട്മെന്റ്-ചെലവ് കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
- പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ പ്രോജക്റ്റ് വിശദാംശങ്ങൾ(നം., പേര്, നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേര്) എല്ലാം എ.സി.ആറിൽ ഉൾപ്പെടുത്തുന്നില്ല. പ്രത്യേക ഗ്രാന്റ് ചെലവുള്ള ICDS ഫണ്ട്, ശുചിത്വ മിഷൻ ഗ്രാന്റ് എന്നിവയുടെ എ.സി.ആർ. വിശദാംശം ഉൾപ്പെടത്തി പൂർത്തീകരിക്കേണ്ടതാണ്.

വികസന ഫണ്ടിന്റെ കണക്കുകളിൽ മേൽവിവരിച്ച വ്യത്യാസങ്ങൾ നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷിക പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 9-3-20ലെ ഉത്തരവ് നം.2707/18/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്.

പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 28.11.2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 30.11.2018 |
| പദ്ധതിരൂപീകരണ വാർഡ്സഭകൾ | 25-10-18 മുതൽ 31-10-18 വരെ |
| വികസനസെമിനാർ | 03-12-18 |

2019-20 വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 49232357 രൂപയും ആകെ ചെലവ് 25639403 രൂപയുമാണ്. ചെലവുശതമാനം 52.07%. അംഗീകാരം ലഭിച്ച 175 പ്രോജക്ടുകളിൽ 112 എണ്ണം മാത്രമാണ് നടപ്പാക്കാൻ സാധിച്ചത്. . വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | തയ്യാറാക്കിയ പ്രൊജക്ടുകൾ | നടപ്പാക്കിയ പ്രൊജക്ടുകൾ | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 1,444,417/- | 1,346,417/- | 93.22 |
| വെറ്ററിനറി സർജൻ | 2 | 2 | 2,600,000/- | 900,000/- | 34.62 |
| മെഡിക്കൽ ഓഫീസർ(പിഎച്ച്സി) | 2 | 2 | 1,000,000/- | 1,000,000/- | 100 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 1 | 575,000/- | 6,690/- | 1.16 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 662,000/- | 662,000/- | 100 |
| വിഇഒ -1 | 8 | 5 | 3,670,178/- | 2,841,400/- | 77.42 |
| ഐസിഡിഎസ് സൂപ്പർവൈസർ | 10 | 9 | 4,263,099/- | 3,850,024/- | 90.31 |
| സെക്രട്ടറി | 37 | 32 | 4,755,403/- | 3,786,956/- | 79.63 |
| വിഇഒ -2 | 5 | 3 | 7,437,200/- | 1,915,280/- | 25.75 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 91 | 44 | 19,874,721/- | 8,344,057/- | 41.98 |
| ഹെഡ്മാസ്റ്റർ | 4 | 4 | 535,000/- | 535,000/- | 100 |
| ഡയറിഫാംഇൻസ്ട്രക്ടർ | 1 | 0 | 1,738,760/- | - | - |
| അസിസ്റ്റന്റ് സെക്രട്ടറി | 8 | 5 | 676,579/- | 451,579/- | 66.74 |
| ആകെ | 175 | 112 | 49,232,357/- | 25,639,403/- | 52.08 |

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 1.055 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു</u>

2019-20കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ തികഞ്ഞ അലംഭാവം പുലർത്തിയതായി കാണുന്നു. ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചത് 58.19% മാത്രമാണ്. കൂടാതെ റോഡ് സംരക്ഷണഗ്രാന്റ് വിനിയോഗം 46.88% മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. ഡയറി ഫാം ഇൻസ്ട്രക്ടർ 17 ലക്ഷത്തിലധികം തുക വകയിരുത്തി ക്ഷീരകർഷകർക്ക് ഇൻസന്റീവ് നൽകുന്നതിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നുവെങ്കിലും നടപ്പാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ പ്രോജക്ടുകളിൽ 44 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 41.98%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം

തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 1,696,149/- |
| വികസന ഫണ്ട്-എസ്.സി.പി. | 40,000/- |
| വികസന ഫണ്ട്- ടി.എസ്.പി. | - |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3,381,565/- |
| മെയിന്റനൻസ് ഗ്രാന്റ്-Road | 3,886,556/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 1,543,018/- |
| ആകെ | 10,547,288/- |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 10547288 രൂപ ആത്യന്തികമായി നഷ്ടമായി. 1.055 കോടിയിലധികം രൂപ ഗ്രാമപഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. കൃഷി, ജനസേവനം കാര്യക്ഷമമാക്കൽ, ചെറുകിടവ്യവസായം, ദാരിദ്ര്യലഘൂകരണം എന്നിവയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിരുന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചില്ലായെന്ന് കാണുന്നു. കൂടാതെ അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവ ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 404 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച 111 പദ്ധതികളിൽ 77 എണ്ണം പൂർത്തീകരിച്ചു. 2019-20 വർഷം 14 ഗ്രാമസഭകൾ കൂടുകയും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 34935 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 2019-20 വർഷം സൃഷ്ടിക്കപ്പെട്ട ശരാശരി തൊഴിൽ ദിനങ്ങൾ 63.87 ആണ്. 547 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി നിർമ്മാണം, കല്ല് കയ്യാല നിർമ്മാണം, കുളം, കിണർ മുതലായവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2019-20 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. MNREGS ക്യാഷ് ബുക്കിലെ കണക്കുകൾ പഞ്ചായത്തിന്റെ 2019-20 വാർഷികകണക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

| മുന്നിരിപ്പ് | | | 4,246/- |
|---|---|---|---|
| വരവ് | 2019-20 EFMS വരവ് | 10,151,496/- | 10,780,044/- |
| | ക്യാഷ് വരവ് (പലിശ ഉൾപ്പടെ) | 628,548/- | |

| | | | |
|---|---|---|---|
| | ആകെ വരവ് | 10,780,044/- | |
| ആകെ(മുന്നിരിപ്പും വരവും ഉൾപ്പടെ) | | | 10,784,290/- |
| ചെലവ് | തൊഴിലാളികളുടെ വേതനം | 9,563,429/- | 10,604,001/- |
| | വിദഗ്ദ തൊഴിലാളികളുടെ വേതനം | 265,671/- | |
| | ഉപകരണ വില, വാടക | 322,396/- | |
| | ഭരണച്ചെലവ്(ശമ്പളം ഉൾപ്പടെ) | 452,505/- | |
| | ആകെ ചെലവ് | 10,604,001/- | |
| നീക്കിയിരിപ്പ് | | | 180,289/- |

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ മരങ്ങാട്ടുപിള്ളി ശാഖയിലെ 67061526332 നം. അക്കൌണ്ടിലൂടെയാണ് തൊഴിലുറപ്പ് അഡ്മിനിസ്റ്റേറ്റീവ് ഫണ്ടിന്റെ വിനിമയം നടത്തുന്നത്. 320100101 സാംഖ്യ കണക്ക് ശീർഷകത്തിലാണ് അഡ്മിനിസ്റ്റേറ്റീവ് ഫണ്ട് അക്കൌണ്ട് ചെയ്തിരിക്കുന്നത്. 251300801 ശീർഷകത്തിലാണ് ഭരണച്ചെലവും നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയും(EFMS) ഉൾപ്പടെയുള്ള ചെലവ് അക്കൗണ്ട് ചെയ്തിരിക്കുന്നത്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

2019-20 വർഷം മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 11,040/- | 5 |
| വാർദ്ധക്യകാലപെൻഷൻ | 4,372,800/- | 1255 |
| കർഷകതൊഴിലാളി പെൻഷൻ | 829,800/- | 234 |
| വിധവാപെൻഷൻ | 1,645,800/- | 476 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 86,400/- | 25 |
| വികലാംഗപെൻഷൻ | 554,300/- | 165 |
| വിവാഹ ധനസഹായം | 90,000/- | 3 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ 27/01/2022 തീയതിയിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43,757/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാണ് എന്ന് കാണുന്നു. പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരിൽ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണം സ്ഥാപനത്തിൽ നിലനിൽക്കുന്നു. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടെങ്കിലും കുടിശ്ശിക പിരിവ് പൂർണ്ണമായും പ്രാവർത്തികമാക്കിയിട്ടില്ല. ബി.എസ്.എൻ.എൽ ടവറുകളുടെ വസ്തുനികുതി, വാടക എന്നീയിനങ്ങളിൽ കുടിശ്ശിക നിലനിൽക്കുന്നു.

5) വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു.

6) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

8) ലൈസൻസ്

വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡർ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. കൃത്യമായ ഡിമാന്റ് നിർണ്ണയിക്കപ്പെട്ടിട്ടില്ല.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് ഓഫീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നതായി മിനിറ്റ്സിൽ നിന്ന് ബോധ്യപ്പെട്ടു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 02/12/2021 | 04/2021-06/2021 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 24/02/2015 – | 2009-10 മുതൽ | LBA(HQ) II/8A/2278/2015 |

| | | | |
|---|---|---|---|
| ഓഡിറ്റ് | 09/03/2015 | 2013-14 വരെ | തീയതി 19/05/2015 |

1-11 കെട്ടിടം വിഭജിച്ച് നൽകിയപ്പോൾ നികുതി കുറവായി പുനർനിർണയിച്ചു

വസ്തുനികുതി പരിശോധനയിൽ ശ്രീ ജോണി ഫിലിപ് എന്ന വ്യക്തിയുടെ 14/292 ബി എന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ എന്ന ഗണത്തിൽ ഉൾപ്പെട്ട കെട്ടിടം സ്പ്ളിറ്റ് ചെയ്ത് നികുതി പുനർനിർണയിക്കുന്നതിനായി അപേക്ഷ സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടു. പ്രസ്തുത കെട്ടിടത്തിന് 120.46 ച.മീ. വിസ്തീർണ്ണമാണ് ഉണ്ടായിരുന്നത്. ഗ്രന്ഥശാലാ വരി, സേവന ഉപനികുതി ഉൾപ്പെടെ ആകെ 11637 രൂപയാണ് കെട്ടിടത്തിന് നികുതി നിർണയിച്ചിരുന്നത്. അപേക്ഷ പരിഗണിച്ചും ഒരു ഗണത്തിൽപ്പെടുന്നതിനാൽ നികുതിയിൽ കുറവ് വരാത്തതിനാലും കെട്ടിടത്തെ 14/292 ബി, സി എന്നിങ്ങനെ മുറികളായി വിഭജിച്ച് നികുതി പുനർനിർണയിച്ച് നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം | കെട്ടിടത്തിന്റെ ഉപയോഗക്രമം | നിർണയിച്ച നികുതി(വഴി-20% വർദ്ധന, 5% ലൈബ്രറി സെസ്, 10% സേവന ഉപനികുതി) |
|---|---|---|---|---|
| 14/292 B | ജോണി ഫിലിപ്പ്, മരിയഭവൻ, കുര്യനാട് | 62.02 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 5137 |
| 14/292 A | ” | 58.44 | ” | 4840 |
| | | | ആകെ | 9977 |

ഒരേ ഉപയോഗക്രമത്തിനായി ഉപയോഗിക്കുന്ന കെട്ടിടം വിഭജിച്ച് വസ്തുനികുതി പുനർനിർണയിച്ചപ്പോൾ വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്നിവയുടെ നിരക്കായ 70/ച.മീറ്ററിന് പകരം വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ എന്ന ഗണത്തിലുൾപ്പെടുത്തി 60/ച.മീ. എന്ന നിരക്കിലാണ് നികുതി നിർണയിച്ചത്. ആയതിനാൽ നികുതിയിൽ കുറവ് വന്നിട്ടുണ്ടെന്ന് കാണുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് ഡേറ്റാ എൻട്രി സമയത്തുണ്ടായ പിഴവാണെന്നും സഞ്ചയ വൈബ് സൈറ്റ് പ്യൂരിഫിക്കേഷനു വേണ്ടി തുറന്ന് ലഭിക്കുന്ന സമയത്ത് നികുതി പുനർനിർണയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. നികുതി പുനർനിർണയിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ക്രമവൽക്കരണം-ജില്ലാ അദാലത്ത് തീരുമാനം നടപ്പായില്ല-കെട്ടിടങ്ങൾ അനധികൃതമായി തുടരുന്നു

കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് 2011 ചട്ടങ്ങൾ പാലിക്കാതെ നിർമിച്ച ശ്രീ വി.ജെ.ജോർജ് കളങ്ങര, മരങ്ങാട്ടുപിള്ളിയുടെ വിദ്യാഭ്യാസ-അനുബന്ധ കെട്ടിടങ്ങൾക്ക് അനധികൃത കെട്ടിടമായി പരിഗണിച്ച് UA 8/1/2011, 8/2/2011,8/3/2011,8/4/2011,8/5/2011,8/6/2011,8/7/2011,8/8/2011,8/9/2011,8/10/2011 എന്നീ അനധികൃത നമ്പരുകൾ നൽകി വസ്തുനികുതി നിർണയിച്ചിരുന്നു. കെട്ടിട

നിർമാണാനുമതി, ക്രമവൽക്കരണാനുമതി, ഒക്യുപെൻസി/നമ്പരിംഗ് എന്നിവ സംബന്ധിച്ച പരാതികൾ പരിഗണിക്കാനായി 26.7.2019 ൽ കൂടിയ ജില്ലാ അദാലത്തിൽ ഈ കെട്ടിടങ്ങളെ പരിഗണിച്ചിരുന്നു. കോട്ടയം ജില്ലാ നഗരാസൂത്രകയുടെ 15.3.2019 തീയതിയിലെ C/1082/2018 KDis ഉത്തരവുകളിലുള്ള നിബന്ധനകൾ ഏർപ്പെടുത്തിയതിനു ശേഷം കോമ്പൗണ്ടിംഗ് തുക സ്വീകരിച്ച് ക്രമവൽക്കരണ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് അദാലത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. കൂടാതെ കേരള പഞ്ചായത്ത് രാജ് ക്രമ വൽക്കരണ ചട്ടം 2018 ലെ ചട്ടം 6(13) പ്രകാരം നിബന്ധനകൾ പാലിച്ച് Appendix III യിൽ അപേക്ഷകൻ ബോണ്ട് നൽകേണ്ടതാണെന്നും അങ്ങനെ നൽകുന്ന പക്ഷം ടി സ്ഥാപനം സ്കൂളാണെന്ന വസ്തുത പരിഗണിച്ച് കാലതാമസം കൂടാതെ കെട്ടിട നമ്പരും ഒക്യുപെൻസി സർട്ടിഫിക്കറ്റും നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് അദാലത്തിൽ തീരുമാനമെടുത്തിട്ടുള്ളതായി ഫയലുകളിൽ കാണുന്നു. നിലവിലും ഈ കെട്ടിടങ്ങൾ അനധികൃത കെട്ടിടമായി തുടരുന്നത് വിശദീകരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/01.02.22) മറുപടി ലഭ്യമായിട്ടുണ്ട്. ജില്ലാ നഗരാസൂത്രകയുടെ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ച് കോമ്പൗണ്ടിംഗ് ഫീസായ 406326/- രൂപ കെട്ടിട ഉടമ അടവാക്കിയില്ലെന്നും ആയതിനാൽ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 235 AA(3) പ്രകാരം മുൻകാല പ്രാബല്യത്തോടെ ടി കെട്ടിടങ്ങൾക്ക് അനധികൃത നമ്പരുകൾ നൽകി നികുതി ചുമത്തി കക്ഷിക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും മറുപടിയിൽ വ്യക്തമാക്കി. അനധികൃത നമ്പർ നൽകി നികുതി ചുമത്തിയതിനെതിരേ അപേക്ഷകൻ ബഹു.ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുള്ളതും ഇതിന്മേലുള്ള എല്ലാ നടപടികളും കോടതി സ്റ്റേ ചെയ്തിട്ടുള്ളതുമാണെന്നും മറുപടി ലഭിച്ചിട്ടുണ്ട്. അനധികൃത കെട്ടിടങ്ങളെ ക്രമവൽക്കരിക്കുന്നതിന് കക്ഷിക്ക് അദാലത്തിൽ ലഭിച്ച അവസരം വിനിയോഗിക്കാതെ തുടരുന്ന പുതിയ സാഹചര്യത്തിൽ കേസിന്റെ തുടർനടപടികൾ സ്വീകരിക്കേണ്ടതും കെട്ടിടങ്ങൾ അനധികൃതമായി പഞ്ചായത്ത് പരിധിയിൽ തുടരുന്നത് ഒഴിവാക്കുവാൻ നിയമപരമായ തുടർശ്രമങ്ങൾ നടത്തേണ്ടതുമാണ്.

### 1-13 വസ്തുനികുതി കുടിശികയായി തുടരുന്നു

കെട്ടിട നിർമാണ ചട്ടങ്ങൾ പാലിക്കാത്തതിനാൽ അനധികൃത കെട്ടിടമായി പരിഗണിച്ച് നികുതി നിർണയിച്ച ശ്രീ ജോൺ മാണിക്യംകുഴിയിൽ, ശ്രീ മാമൻ എംഡി, മാണിക്യംകുഴിയിൽ എന്നീ വ്യക്തികളുടെ കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും UA 1/1/2011, UA 1/2/2011 എന്നി നമ്പരുകൾ നൽകിയിരുന്നു. ബഹു.കേരള ഹൈക്കോടതിയുടെ 27.11.2018 തീയതിയിലെ WC(P) നം.24199/2017 നമ്പർ വിധി പ്രകാരം ടി കെട്ടിടത്തിന് നിയമാനുസൃത കെട്ടിടമായി പരിഗണിച്ച് നമ്പർ നൽകേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. ഇതിനെ തുടർന്ന് പ്രസ്തുത കെട്ടിടങ്ങൾക്ക് 2013-14 കാലയളവ് പ്രാബല്യത്തിൽ 1/211 എ, 1/211 ബി എന്നീ കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/ കെട്ടിടനം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | കെട്ടിടത്തിന്റെ ഉപയോഗക്രമം | നിർണയിച്ച വസ്തുനികുതി (വഴി-20% വർദ്ധനവ്,LC-5%, സേവന ഉപനികുതി-10%) | വസ്തുനികുതി കുടിശിക (2013-14 മുതൽ 2021-22 വരെ) |
|---|---|---|---|---|
| 1/211 A | 109.85 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ | 10613 | 95517 |
| 1/211 B | 303.2 | പാർപ്പിടാവശ്യം | 2093 | 18837 |

നിലവിലും കെട്ടിടത്തിന്റെ വസ്തുനികുതി കുടിശികയായി തുടരുന്നതായാണ് കാണുന്നത്. വസ്തുനികുതി പിരിച്ചെടുക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 17/01.02.22) നിയമാനുസൃത നമ്പർ നൽകി നികുതി കുടിശിക അടവാക്കുന്നതിനായി കക്ഷിയ്ക്ക് നോട്ടീസ് നൽകിയതാണെന്നും നികുതി അടവാക്കാത്തതിനെ തുടർന്ന് റവന്യൂ റിക്കവറി നോട്ടീസുകൾ നൽകിയിട്ടുണ്ടെന്നും ആയതിന്റെ നടപടികൾ സ്വീകരിച്ച് വരികയാണെന്നും മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി കുടിശിക ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഷോപ്പിങ്ങ് കോംപ്ലെക്സ് വാടക-അപാകതകൾ

ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലെക്സുകളിലെ 30 മുറികളാണ് 2019-20 വർഷം വാടകയ്ക്ക് നൽകിയിട്ടുള്ളത് എന്ന് വാടക ഡിമാന്റ് രജിസ്റ്ററിൽ കാണുന്നു. വാടക നടപടികൾ, കണക്കുകൾ സൂക്ഷിക്കൽ, കരാർ തുടങ്ങിയവയിൽ താഴെ പറയുന്ന അപാകതകൾ ഉള്ളതായി ഓഡിറ്റ് അന്വേഷണക്കുറിപ്പിലൂടെ(നം.20/2019-20/01.02.2022) ശ്രദ്ധയിൽപ്പെടുത്തി. അപാകതകളും പഞ്ചായത്ത് നൽകിയ മറുപടിയും താഴെ കൊടുക്കുന്നു.

1. പഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ലെക്സ് വാടകയ്ക്ക് നൽകുന്നതിനുള്ള വ്യവസ്ഥകൾ പ്രതിപാദിക്കുന്ന ബൈലോ നിലവിലില്ല. ബൈലോ തയ്യാറാക്കുന്നതാണ് എന്ന് മറുപടി നൽകി.
2. കുത്തകക്കാരുമായി കരാർ ചമയ്ക്കുന്നതിൽ കരാർ വിശദാംശങ്ങൾ കൃത്യമായി ഉൾപ്പെടുത്തുന്നില്ല. മുറിയുടെ കെട്ടിട നമ്പർ, കരാർ തുക, കാലയളവ്, വാടക നിക്ഷേപം, ജി.എസ്.ടി., എന്നിങ്ങനെ വാടക കരാറിലുൾപ്പെടേണ്ട അടിസ്ഥാന വിവരങ്ങൾ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫയലിൽ സൂക്ഷിച്ചിരിക്കുന്ന 2019-20 കരാറുകൾ എല്ലാം അപൂർണ്ണമാണ് എന്ന് കാണുന്നു. അപാകത പരിഹരിക്കുന്നതാണ് എന്ന് സെക്രട്ടറി അറിയിച്ചു.
3. വാടക ഡിമാന്റ് രജിസ്റ്റർ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ മുറികളുടെയും തുക അടവാക്കിയത്, ജി.എസ്.ടി., പിഴപ്പലിശ എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. രജിസ്റ്റർ സൂക്ഷിപ്പ് കൃത്യമാക്കുമെന്ന് സെക്രട്ടറി അറിയിച്ചു.
4. വാടക ഡിമാന്റ് രജിസ്റ്ററിലോ ഡെപോസിറ്റ് രജിസ്റ്ററിലോ വാടക നിക്ഷേപത്തിന്റെ(Rent Deposit) കണക്കുകളുടെ വിശദാംശം ലഭ്യമല്ല. 31/03/2020 ലെ ബാലൻസ് ഷീറ്റ് പ്രകാരം 207,491/- രൂപ വാടക നിക്ഷേപം ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കിയത് എന്നത് വ്യക്തമല്ല. നിലവിലുള്ള കുത്തകക്കാർ എല്ലാവരും വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. വാടക നിക്ഷേപ കണക്കുകൾ തയ്യാറാക്കുമെന്ന് സെക്രട്ടറി അറിയിച്ചു.
5. വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ഡി.സി.ബി.യും വാർഷിക കണക്കുകളിലെ ഡി.സി.ബി.യും വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാടക ഡിമാന്റ് രജിസ്റ്റർ 2019-20 | 325,200/- | 198,629/- | 126,571/- |
| വാർഷിക കണക്ക് 2019-20 | 338,484/- | 194,587/- | 143,897/- |
| വ്യത്യാസം | 13,284/- | 4,042/- | 17,326/- |

വാടക ഡിമാന്റ് അക്കൗണ്ട് ചെയ്തത് കൃത്യമായ കണക്കുകളുടെ അഭാവത്തിലാണ് എന്നത് വ്യക്തമാണ്. രജിസ്റ്റർ സൂക്ഷിപ്പ് കൃത്യമാക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

6. 2019-20 വർഷം 11 കുത്തകക്കാർ വർഷത്തെ മുഴുവൻ വാടകയും കുടിശികയാക്കി തുടർന്നതായി കാണുന്നു. വാടക നിക്ഷേപം ഒടുക്കിയ കുത്തകക്കാരാണോ എന്ന് വ്യക്തമല്ല. കൃത്യമായ വാടക നിക്ഷേപ കണക്കുകളുടെ അഭാവത്തിൽ അവരുടെ നിക്ഷേപം കണ്ടുകെട്ടുന്നതിന് പഞ്ചായത്തിന് സാധിച്ചില്ല. കുടിശിക 2020-21 വർഷം അടവാക്കി എന്ന് മറുപടി നൽകി.

7. വാടക കുടിശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 2019-20 വർഷം 240/- രൂപ മുൻവർഷങ്ങളിലെ കുടിശിക ലഭിച്ചിട്ടുണ്ട്. വാടക കുടിശിക രജിസ്റ്റർ സൂക്ഷിക്കുന്നതാണ് എന്ന് അറിയിച്ചു.

വാടക നടപടിക്രമങ്ങളിലും അനുബന്ധരേഖകൾ കൈകാര്യം ചെയ്യുന്നതിലും മേൽവിവരിച്ച അപാകതകൾ മറുപടി നൽകിയതിൻ പ്രകാരം പരിഹരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വാടക നിക്ഷേപ തുക അടവാക്കിയവരുടെ വിശദാംശം, കണക്കുകൾ എന്നിവ തയ്യാറാക്കി ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. നിലവിലുള്ള എല്ലാ കുത്തകക്കാരും വാടക നിക്ഷേപം ഒടുക്കിയിട്ടുണ്ടെന്ന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-15 ലൈസൻസ് നടപടിക്രമങ്ങളിലെ അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സംരംഭ പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പരിഷ്കരിച്ച് 2018 വർഷം മുതൽ നിലവിലുള്ളതാണ്. പഞ്ചായത്തിലെ ലൈസൻസ് ഫീസ് മേൽ ചട്ടങ്ങൾക്ക് അനുസൃതമായി പരിഷ്കരിച്ച് 05/03/2018 ലെ 5(1) തീരുമാന പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിച്ചു. 2019-20 ലെ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷ ഫയൽ എന്നിവയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. പഞ്ചായത്ത് 14 വാർഡുകളിലും ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. കൃത്യമായ ട്രേഡേഴ്സ് ലിസ്റ്റിന്റെ അഭാവത്തിൽ ലൈസൻസ് ഫീസ് ഡിമാന്റ് തുക നിർണ്ണയിക്കപ്പെട്ടിട്ടില്ല.
2. ലൈസൻസ് ഡിമാന്റ് രജിസ്റ്ററിലാണ് ലൈസൻസ് ഫീസ്, മെഷിനറി റണ്ണിങ്ങ് ഫീസ്, ട്രേഡർ തൊഴിൽ നികുതി എന്നിവ പോസ്റ്റ് ചെയ്യുന്നത്. ലൈസൻസ് ഫീസ് ട്രേഡർ തൊഴിൽ നികുതി എന്നീ അക്രുവൽ വരവിനങ്ങളുടെ കണക്കുകൾ ക്രോഡീകരിച്ച് ഡി.സി.ബി. തയ്യാറാക്കിയിട്ടില്ല. മെഷിനറി റണ്ണിങ്ങ് ഫീസ് ആകെ വരവ് കണക്കാക്കിയിട്ടില്ല.
3. ലൈസൻസ് ഫീസ് നിർണ്ണയിക്കുന്ന മേഖല, ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് മൂല്യം തുടങ്ങിയവ മിക്ക അപേക്ഷകളിലും രേഖപ്പെടുത്തിയിട്ടില്ല. സ്ഥലപരിശോധന റിപ്പോർട്ടുകളിലും പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല എന്ന് കാണുന്നു. ലൈസൻസ് ഫീസ് ചട്ടപ്രകാരമല്ല നിശ്ചയിച്ചത് എന്ന് വ്യക്തമാണ്.
4. കൃത്യമായ ഡേറ്റാബേസിന്റെയും ട്രേഡർ ലിസ്റ്റിന്റെയും അഭാവത്തിൽ പഞ്ചായത്ത് വാണിജ്യ വ്യവസായ ആവശ്യങ്ങൾക്കായി അസസ് ചെയ്യപ്പെട്ട കെട്ടിടങ്ങൾ എല്ലാം നികുതി പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് വ്യക്തമല്ല. 2019-20 വർഷം വാർഷിക കണക്കുകൾ പ്രകാരം 75,000/- രൂപയാണ് ലൈസൻസ് ഫീസ്. ഡിമാന്റ് രജിസ്റ്റർ പ്രകാരം 196 ട്രേഡേഴ്സിന് മാത്രമാണ് ലൈസൻസ് അനുവദിച്ചത്. ധാരാളം ട്രേഡേഴ്സ് ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

ലൈസൻസ് നടപടികളിലും, രജിസ്റ്റർ സൂക്ഷിപ്പിലും നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.24/2019-20/02.02.2022) നൽകിയതിന് വിശദീകരണം നൽകി. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ വാണിജ്യ വ്യവസായങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്. രജിസ്റ്റർ സൂക്ഷിപ്പിലെയും ഡി.സി.ബി. തയ്യാറാക്കിയതിലെയും അപാകതകൾ തുടർവർഷം പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ്-ജി.എസ്.ടി. പഞ്ചായത്തിന്റെ വരവായി അക്കൗണ്ട് ചെയ്തു

2019-20 വർഷം റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയപ്പോൾ ജി.എസ്.ടി. ഉൾപ്പടെയുള്ള തുക റീസ്റ്റോറേഷൻ ചാർജ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തു. ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| തുക ഒടുക്കിയത് | പ്രവൃത്തി | എസ്റ്റിമേറ്റ് തുക |
|---|---|---|
| വോഡഫോൺ-ഐഡിയ ലിമിറ്റഡ് | മരങ്ങാട്ട്പിള്ളി-ഓലിക്കാട് റോഡ് സൈഡിൽ OFC | 406,860/- |
| | മരങ്ങാട്ട്പിള്ളി-ആരുംപള്ളി റോഡ് സൈഡിൽ OFC | 141,020/- |
| ആകെ | | 547,880/- |

PWD Roads ചീഫ് എഞ്ചിനീയറുടെ 30/03/2019 ലെ CE/R&B/GL-RC/2/2019 നം. സർക്കുലർ പ്രകാരമാണ് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എസ്റ്റിമേറ്റ് തുക നിശ്ചയിച്ച് നൽകിയത്. പ്രസ്തുത സർക്കുലർ പ്രകാരമുള്ള ഇനങ്ങളുടെ നിരക്ക് കോസ്റ്റ് ഇൻഡെക്സ്, സെന്റേജ്, GST ഉൾപ്പടെയുള്ള തുകയാണ്. റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജിന് 12% GST ചുമത്തി 03/07/2019 ലെ G.O.(Rt) No.1366/2019/LSGD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 489,180/- രൂപ റോഡ് കട്ടിങ്ങ് റീസ്റ്റോറേഷൻ ചാർജും 58,700/- രൂപ GST യുമായി അക്കൗണ്ട് ചെയ്യേണ്ടിയിരുന്നതിന് പകരം 547,880/- രൂപയും 140700101 ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തത്. 58700/- രൂപ GST സർക്കാരിലേക്ക് അടവാക്കേണ്ടതായിരുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.21/2019-20/01.02.2022) നൽകിയതിന് ജി.എസ്.ടി. അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചു. റവന്യൂ ശീർഷകത്തിൽ അക്കൗണ്ട് ചെയ്ത ജി.എസ്.ടി. തുക 58,700/- രൂപ ബാധ്യത ശീർഷകങ്ങളിലേക്ക് (SGST,CGST) അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയശേഷം സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. ജി.എസ്.ടി. അടവാക്കിയതിന്റെ വിശദാംശം മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

547,880/- രൂപ അടവാക്കി 27/02/2020 ൽ വോഡഫോൺ-ഐഡിയ കേരള സർക്കിൾ ജനറൽ മാനേജർ പഞ്ചായത്ത് സെക്രട്ടറിയുമായി മേൽ പ്രവൃത്തികൾ ചെയ്യുന്നതിനുള്ള അനുമതി കരാർ ചമച്ചിട്ടുണ്ട്. 02/03/2020 ലെ എ4-4/20 പ്രകാരം പ്രവൃത്തിക്ക് അനുമതിയും നൽകി. നിലവിൽ റോഡുകൾ പൂർവ്വസ്ഥിതിയിലായതായും സെക്രട്ടറി ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ അറിയിച്ചു.

### 1-17 ബാരൽ വില തനത്ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില പിൻവലിച്ച് Sale Of Empties & Waste Material എന്ന ശീർഷകത്തിൽ സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. സർക്കുലർ നം.59827/എഫ്എം /07/തസ്വഭവ/30.10.07 പ്രകാരം പ്രവൃത്തി ചെയ്യാൻ തുക ഏത് ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് ആ ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിരുന്നു. തനത് ഫണ്ടിൽ നിക്ഷേപിച്ചിരുന്ന ബാരൽ വിലയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊ.നം &പേര് | കുറവ് ചെയ്ത ബാരൽ വില |
|---|---|
| 134/20 വെള്ളക്കാവ് പന്നിക്കോട് റോഡ് റീടാറിങ്ങ് (മെയിന്റനൻസ് ഗ്രാന്റ്റോഡ്) | 2256 |
| 133/20 മണ്ഡപം ചിറ്റായിക്കുളം റോഡ് ടാറിങ്ങ് (മെയിന്റനൻസ് ഗ്രാന്റ്റോഡ്) | 1974 |
| 57/20 പൊടിമറ്റം കലയത്തോലിൽ റോഡ് | 3102 |

| | |
|---|---|
| ടാറിങ്ങ് (CFC ഗ്രാന്റ്) | |
| 128/20 മടുക്കനിരപ്പ് ആളോത്ത് റോഡ് റീടാറിങ്ങ് (മെയിന്റനൻസ് ഗ്രാന്റ്റോഡ്) | 2538 |
| 131/20 കോലടിപ്പുറം മണിമലറോഡ് ടാറിങ്ങ്(മെയിന്റനൻസ് ഗ്രാന്റ്റോഡ്) | 3102 |
| ആകെ | 12972 |

ഗ്രാമപഞ്ചായത്തിൽ 2019-20 വാർഷികകണക്കുകൾ പ്രകാരം Sale Of Empties & Waste Material എന്ന ശീർഷകത്തിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് റോഡ് വിഹിതം ഉപയോഗിച്ച് ചെയ്ത റോഡ് ടാറിങ്ങ് പ്രവർത്തികളിൽ നിന്ന് ഈടാക്കിയ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. തനത് ഫണ്ടിൽ ലഭിച്ച ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്ക് അടവാക്കിയിരുന്നോയെന്ന് വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം10) മറുപടിയായി ബാരൽ വില ബന്ധപ്പെട്ട ശീർഷകത്തിൽ അടക്കുന്നതിന് അക്കൗണ്ടന്റിന് വിശദാംശങ്ങൾ കൈമാറുന്നതാണ് എന്ന് അസി. എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ബാരൽ വിലയിനത്തിൽ തനത് ഫണ്ടിൽ സൂക്ഷിക്കുന്ന 12972രൂപ സർക്കാരിലേക്ക് ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-18 ഔദ്യോഗികമല്ലാത്ത യാത്രകൾക്ക് യാത്രപ്പടി നൽകി

10/18 മുതൽ 3/19 വരെ ജീവനക്കാർ വിവിധ ഔദ്യോഗിക യാത്രകൾ നടത്തിയതിന് യാത്രപ്പടിയിനത്തിൽ തനത്ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ 21900432/19.9.19 പ്രകാരം 41324 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ ഇലക്ഷൻ ക്ലാസ്സിൽ പങ്കെടുക്കുന്നതിന് പാലായിൽ പോയി വന്നതിന് ജീവനക്കാർക്ക് ചുവടെ ചേർക്കും പ്രകാരം യാത്രപ്പടി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാർ | അടിസ്ഥാന ശമ്പളം | യാത്രചെയ്ത തീയതി | നൽകിയ തുക |
|---|---|---|---|---|
| 1 | കെ.ആർ റാണിതണ്ടാർ,അസി.സെക്രട്ടറി | 43600 | 24.1.19 | 160 |
| 2 | സുനിൽകുമാർ, ഹെഡ് ക്ളർക്ക് | 34800 | 30.1.19 | 160 |
| 3 | സതീഷ് കുമാർ , അക്കൗണ്ടന്റ് | 34800 | 30.1.19 | 160 |
| 4 | അരുൺ എം.എസ് സീനിയർ ക്ളർക്ക് | 25850 | 24.1.19 | 250 |
| 5 | സന്തോഷ് കുമാർ,ക്ളർക്ക് | 31500 | 24.1.19 | 320 |
| 6 | ബിൻസിമോൾ ,ക്ളർക്ക് | 25200 | 30.1.19 | 125 |
| 7 | പ്രതീഷ് മോൻ ജോയ്,ക്ളർക്ക് | 19500 | 30.1.19 | 125 |
| | | | ആകെ | 1300 |

ഔദ്യോഗികമല്ലാത്ത മേൽ സൂചിത യാത്രകൾക്ക് യാത്രപ്പടി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 9) നൽകുകയുണ്ടായി. താലൂക്കിൽ നിന്നും യാത്രപ്പടി ഇല്ലാത്തതിനാൽ അതാത് വകുപ്പിൽ നിന്നും യാത്രാപ്പടി നൽകാമെന്ന് തഹസിൽദാർ വാക്കാൽ നിർദ്ദേശിച്ചതനുസരിച്ചാണ് യാത്രപ്പടി നൽകിയതെന്നാണ് സെക്രട്ടറി മറുപടി നൽകിയത്. യാത്രകളുടെ ഔദ്യോഗിക സ്വഭാവം മുൻനിർത്തി മാത്രം തുടർവർഷങ്ങളിൽ യാത്രപ്പടി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 കോ-ഓപ്പറേറ്റീവ് റിക്കവറി അടവാക്കൽ - രേഖകൾ ലഭ്യമായില്ല

ശ്രീമതി കുട്ടിയമ്മ , പാർട്ട് ടൈം സ്വീപ്പറിന്റെ ശമ്പളത്തിൽ നിന്നും ചുവടെ ചേർക്കും പ്രകാരം കോ-ഓപ്പറേറ്റീവ് റിക്കവറി ഇനത്തിൽ 4000 രൂപ വീതം റിക്കവറി നടത്തി അടവാക്കിയിട്ടുണ്ട്.

| വൗച്ചർ നമ്പർ , തീയതി | തുക |
|---|---|
| 21900024/6.4.19 | 4000 |
| 21900149/3.6.19 | 4000 |
| 21900319/5.8.19 | 4000 |
| 21900561/5.11.19 | 4000 |
| ആകെ | 16000 |

മേൽ തുകകൾ അടവാക്കിയത് സംബന്ധിച്ച് ബാങ്കിൽ നിന്നുള്ള കൈപ്പറ്റ് / അടവ് വിവരങ്ങൾ വൗച്ചറിൽ സൂക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ3/31.01.22) മറുപടി ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 16000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-20 അടവ് / കൈപ്പറ്റ് വിവരങ്ങളില്ല

ചുവടെ ചേർക്കുന്ന തുകകൾ തനത്ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ അടവ് , കൈപ്പറ്റ് രേഖകൾ ഓഡിറ്റിന് ലഭ്യമായില്ല.

| വൗച്ചർ നമ്പർ/ബിൽ നമ്പർ ,തീയതി | ഇനം | തുക | അടവാക്കിയ സ്ഥാപനം , റിമാർക്സ് |
|---|---|---|---|
| 21900599/15.11.19 | ഇലക്കാട് പദ്ധതിയുടെ ബില്ലിൽ കുറവ് ചെയ്ത വാറ്റ് തുക | 81312 | സംസ്ഥാന ടാക്സ് ഓഫീസർ |
| 21900600/15.11.19 | ഇലക്കാട് പദ്ധതിയുടെ ബില്ലിൽ കുറവ് ചെയ്ത വർക്കേഴ്സ് വെൽഫയർ ഫണ്ട് തുക | 20328 | ഓഫീസർ വർക്കേഴ്സ് വെൽഫയർ ഫണ്ട് ബോർഡ് |
| 21900720/10.1.20 | KPEPF അടവാക്കൽ | 48050 | അടവാക്കിയതിന്റെ ചെലാൻ പകർപ്പ് ലഭ്യമായില്ല. |
| ബിൽ നമ്പർ 6/15.7.19 തുക 40000 ബിൽ നമ്പർ 30/11.12.19 തുക 10880 | ഐ.കെ.എം വരിസംഖ്യയടക്കൽ പ്രോജക്ട് നമ്പർ 11/20 | 50880 | ഐ.കെ.എം |
| | ആകെ | 200570 | |

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 23/01.02.22) മറുപടി ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 200570 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 ഔദ്യോഗിക വാഹനത്തിന്റെ ടയർ മാറ്റൽ - അംഗീകാരം വാങ്ങിയില്ല

ഔദ്യോഗിക വാഹനത്തിന്റെ 3 ടയറുകൾ മാറിയതിന് ട്ടൂ വേൾഡ് മരങ്ങാട്ടുപിള്ളി എന്ന സ്ഥാപനത്തിന് വൗച്ചർ നമ്പർ 21900527/25.10.19 പ്രകാരം 24350 രൂപ നൽകിയിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നാണ് ടയറുകൾ വാങ്ങിയിരിക്കുന്നത്. വാഹനം പരിശോധിച്ച് റിപ്പോർട്ട് നൽകുവാനായി പി . ഡബ്ള്യു. ഡി മെക്കാനിക്കൽ എഞ്ചിനീയറിംഗ് , മാവേലിക്കരയ്ക്ക് വൗച്ചർ നമ്പർ 21900449/19.9.19 പ്രകാരം 1105 രൂപ നൽകിയിരുന്നു. എന്നാൽ പരിശോധനാ റിപ്പോർട്ട് ലഭിച്ചതായി കാണുന്നില്ല. ആയത് ലഭിച്ചിട്ടുണ്ടെങ്കിൽ ഓഡിറ്റിൽ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/31.01.22) മറുപടി ലഭ്യമായില്ല. മതിയായ പരിശോധനാ റിപ്പോർട്ടില്ലാതെ ഔദ്യോഗിക വാഹനത്തിന് മെയിന്റെനൻസ് നടത്തുന്നതോ ആയതിന് തുക ചെലവഴിക്കുന്നതോ ക്രമപ്രകാരമല്ല. അപാകത ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-22 നാപ്കിൻ വെൻഡിംഗ് മെഷീനും ഇൻസിനറേറ്റർ സ്ഥാപിക്കലും-പാഴ് ചെലവ്

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 96/20, പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും നാപ്കിൻ വെൻഡിംഗ് മെഷീൻ |
| ചെലവ് ,ഫണ്ടിനം | 143960 , വികസനഫണ്ട് |
| ബിൽ നമ്പർ , തീയതി | 36/22.1.20 |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |

പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും നാപ്കിൻ വെൻഡിംഗ് മെഷീൻ സ്ഥാപിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. കുറഞ്ഞ ടെണ്ടർ സമർപ്പിച്ച ബ്ലേസ് ഹൈജിനിക് ഡിവൈസ് , കൊച്ചി എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് അംഗീകരിച്ചത് . 9440 രൂപ വീതം വിലയുള്ള 3 വെൻഡിംഗ് മെഷീനും 16520 രൂപ വീതം വിലയുള്ള 7 പാഡ് ഡിസ്പോസിംഗ് ഇൻസിനറേറ്ററുമാണ് പ്രോജക്ട് പ്രകാരം വാങ്ങിയത്. ഫയൽ പരിശോധിച്ചതിൽ നിന്നും ഗവ.യു.പി.എസ് മണ്ണയ്ക്കനാട് , പ്രതിഭാ കേന്ദ്രം കുര്യനാട് , ആയുർവേദാശുപത്രി , പി.എച്ച്.സി , പഞ്ചായത്ത് ഓഫീസ് , കുര്യനാട് സബ് സെന്റർ , ടാക്സി സ്റ്റാന്റ് എന്നിവിടങ്ങളിൽ ഉപകരണങ്ങൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്. 1.2.22 ൽ ആയുർവേദാശുപത്രി, പഞ്ചായത്ത് ഓഫീസ്, കുര്യനാട് സബ് സെന്റർ എന്നിവടങ്ങളിൽ പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. ടി സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ഉപകരണങ്ങൾ നാളിതുവരെ ഉപയോഗിച്ചിട്ടില്ല.

3 വെൻഡിംഗ് മെഷീനുകളാണ് വാങ്ങിയത്. ആയതിൽ ഒരെണ്ണം ഗ്രാമപഞ്ചായത്തിൽ സാഥാപിച്ചിട്ടുണ്ട്. 5 രൂപ ഇട്ടാൽ മാത്രം പ്രവർത്തിക്കുന്ന വെൻഡിംഗ് മെഷീനാണ് സ്ഥാപിച്ചിരിക്കുന്നത്. ഒരു വെൻഡിംഗ് മെഷീനും ഇൻസിനറേറ്ററും നാളിതുവരെ ഉപയോഗിക്കാതെ ഗ്രാമപഞ്ചായത്തിന്റെ ഫസ്റ്റ് ഫ്ളോറിലെ ഒരു മൂലയിൽ ചപ്പുചവറുകൾക്കിടയിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണ്.

ഗവ.യു.പി.എസ് മണ്ണയ്ക്കനാട്, പ്രതിഭാ കേന്ദ്രം കുര്യനാട് , ആയുർവേദാശുപത്രി , പി.എച്ച്.സി , കുര്യനാട് സബ് സെന്റർ, പഞ്ചായത്ത് ഓഫീസ് എന്നിവടങ്ങളിലായി 6 ഇൻസിനറേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വലിയ തോതിലുള്ള പുകയും മണവും മൂലമാണ് ഇൻസിനറേറ്റർ ഉപയോഗിക്കാത്തതെന്നാണ് ആയുർവേദാശുപത്രി ജീവനക്കാർ വ്യക്തമാക്കിയത്. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 7) വ്യക്തമായ മറുപടി ലഭ്യമായില്ല. സ്ത്രീ സുരക്ഷയും സംരക്ഷണവും മുൻനിർത്തി വലിയ ഉദ്ദേശത്തോടെ രൂപീകരിച്ച പ്രോജക്ടാണിത്. സ്ഥാപിക്കാൻ ഉദ്ദേശിച്ചിരുന്ന ഇൻസിനറേറ്റർ ഒരിക്കലെങ്കിലും പ്രവർത്തിച്ച് നോക്കി അപാകത മനസ്സിലാക്കിയിരുന്നെങ്കിൽ 143960 രൂപയുടെ ചെലവ് വെറുതെയാകുമായിരുന്നില്ല. അപാകതകൾ പരിഹരിക്കുന്നതിലേക്കായി 143960 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-23 അംഗനവാടി വയറിംഗ് - കുറഞ്ഞ ടെണ്ടർ അംഗീകരിക്കാത്തതിനാൽ നഷ്ടം

| | |
|---|---|
| പ്രോജക്ട് നമ്പർ , പേര് | 120/20, അംഗനവാടി വയറിംഗ് |
| ചെലവ്, ഫണ്ടിനം | 49873, ധനകാര്യകമ്മീഷൻഗ്രാന്റ് |
| ബിൽ നമ്പർ, തീയതി | 3/19-20, 11.6.19 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

അറുപത്തിയെട്ടാം നമ്പർ അംഗനവാടി വയറിംഗ് എന്ന പ്രോജക്ടിന് ആദ്യം രണ്ട് പേർ ടെണ്ടർ സമർപ്പിച്ചിരുന്നു. സി.റ്റി സനൽകുമാർ കോതനല്ലൂർ എന്നയാൾ എസ്റ്റിമേറ്റ് റേറ്റും കുര്യാക്കോസ് ദാസ് കുണ്ടകശ്ശേരി എന്നയാൾ 10.5 % ടെണ്ടർ കുറവും ക്വോട്ട് ചെയ്തു. രണ്ട് ടെണ്ടർ മാത്രമേ ലഭിച്ചുള്ളൂ എന്ന കാരണത്താൽ 13.8.18 ൽ ചേർന്ന ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(5) നമ്പർ തീരുമാനപ്രകാരം റീ ടെണ്ടർ ചെയ്യാൻ തീരുമാനിച്ചു. 12.9.18 ലെ റീ ടെണ്ടറിൽ കുര്യാക്കോസ് ദാസ് കുണ്ടകശ്ശേരി എന്നയാൾ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്യുകയും ടി സിംഗിൾ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. പ്രവൃത്തിയുടെ ആകെ വേലമൂല്യം 47954 രൂപയായിരുന്നു. 10.5 % ടെണ്ടർ കുറവ് അംഗീകരിച്ചിരുന്നെങ്കിൽ 5035 രൂപയുടെ ലാഭം ടി വർക്കിന് ലഭിക്കുമായിരുന്നു. കുറഞ്ഞ ടെണ്ടർ സമർപ്പിച്ചയാൾക്ക് മതിയായ കാരണമില്ലാതെ ടെണ്ടർ ഉറപ്പിച്ച് നൽകാതിരുന്ന നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 6) നൽകുകയുണ്ടായി. പ്രൊക്യൂർമെന്റ് മാനുവൽ പ്രകാരം ഒരു പ്രവൃത്തിക്ക് മൂന്നോ അതിലധികമോ ടെണ്ടർ ലഭിക്കണമെന്നും അത് ലഭിക്കാത്തതിനാലാണ് റീ ടെണ്ടർ ക്ഷണിച്ചതെന്നുമാണ് ലഭിച്ച മറുപടി. പർച്ചേസുകളിൽ ഗ്രാമപഞ്ചായത്തിന്റെ ഉത്തമ സാമ്പത്തിക താൽപര്യം സംരക്ഷിക്കേണ്ടത് അത്യാവശ്യമാണ്. റീ ടെണ്ടർ ക്ഷണിച്ചപ്പോൾ ലഭിച്ച സിംഗിൾ ടെണ്ടർ ആദ്യ ടെണ്ടറിൽ 10.5 % ടെണ്ടർ കുറവ് ക്വോട്ട് ചെയ്ത കരാറുകാരനായിരുന്നു. ടിയാനോട് നെഗോഷ്യേറ്റ് ചെയ്തിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങളിൽ തുടർ വർഷങ്ങളിൽ ജാഗ്രത പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 വാട്ടർ പ്യൂരിഫയർ വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും വാട്ടർ പ്യൂരിഫയർ വാങ്ങൽ 171/20 |
| ചെലവ് | 60960 , വികസനഫണ്ട് |
| ബിൽ നമ്പർ, തീയതി | 34/ 11.12.19 |
| നിർവ്വഹണോദ്യോഗസ്ഥ | സെക്രട്ടറി |

പഞ്ചായത്ത് ഓഫീസിലും ഘടക സ്ഥാപനങ്ങളിലും വാട്ടർ പ്യൂരിഫയർ വാങ്ങൽ എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത പിട്ടാപ്പള്ളിൽ ഏജൻസീസ് എന്ന സ്ഥാപനത്തിൽ നിന്നാണ് ഉപകരണങ്ങൾ വാങ്ങിയത്. 8800 രൂപ നിരക്കിൽ 7 വാട്ടർ പ്യൂരിഫയർ വാങ്ങിയിട്ടുണ്ട്. ആയുർവേദാശുപത്രി , മൃഗാശുപത്രി , ആയുഷ് ഹോമിയോ ഡിസ്പെൻസറി , ഗവ.ഹോമിയോ ആശുപത്രി , കൃഷി ഓഫീസ് , പഞ്ചായത്ത് ഓഫീസ് , പി.എച്ച്.സി എന്നിവടങ്ങളിലായി 6 വാട്ടർ പ്യൂരിഫയറുകൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്.

കൃഷി ഓഫീസിൽ സ്ഥാപിച്ചിരിക്കുന്ന വാട്ടർപ്യൂരിഫയർ നാളിതുവരെ ഉപയോഗിച്ചിട്ടില്ല എന്ന് 1.2.22 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യമായി. ടി വാട്ടർ പ്യൂരിഫയർ കൃഷി ഓഫീസിലേക്ക് ആവശ്യമില്ലെങ്കിൽ ആവശ്യമുള്ള മറ്റ് ഘടക സ്ഥാപനങ്ങളിലേക്ക് കൈമാറി പ്രവർത്തനക്ഷമമാക്കിയ ശേഷം വിവരം അറിയിക്കേണ്ടതാണ്.

## 1-25 സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ - ഇൻസ്റ്റലേഷൻ വിവരമില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 114/20 |
| ചെലവ് , ഫണ്ടിനം | 75000/- വികസനഫണ്ട് |

| | |
|---|---|
| ബിൽ നമ്പർ, തീയതി | 3/19-20 , 18.1.20 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ് |

സ്കൂളുകൾക്ക് വാട്ടർ പ്യൂരിഫയർ വാങ്ങൽ എന്ന പ്രോജക്ടിനായി ക്വൊട്ടേഷൻ സമർപ്പിച്ച ചെറുപുഷ്പം റ്റി.വി സെന്റർ , പാല എന്ന സ്ഥാപനത്തിൽ നിന്നും നാല് വാട്ടർ പ്യൂരിഫയറുകൾ വാങ്ങിയിട്ടുണ്ട്. ടി വാട്ടർ പ്യൂരിഫയറുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

ഗവ.എൽ പിഎസ് പാവയ്ക്കൽ , കെ.ആർ നാരായണൻ മെമ്മോറിയൽ സ്കൂൾ , ഗവ.യു.പി.എസ് മണ്ണയ്ക്കനാട് , ഗവ.എൽ പി എസ് ആണ്ടൂർ എന്നിവിടങ്ങളിലാണ് വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിരിക്കുന്നത്. 1.2.22 ൽ പ്രാദേശിക പരിശോധന നടത്തിയപ്പോൾ ഗവ.എൽ പി എസ് ആണ്ടൂരിൽ സ്ഥാപിച്ച വാട്ടർപ്യൂരിഫയർ നാളിതുവരെ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമായി. അപാകത പരിഹരിച്ച് വാട്ടർപ്യൂരിഫയർ പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

1-26 സ്കൂളുകൾക്ക് പ്രഭാത ഭക്ഷണം - ക്വൊട്ടേഷൻ ക്ഷണിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 100/20 |
| ചെലവ് , ഫണ്ടിനം | 200000/- വികസനഫണ്ട് |
| ബിൽ നമ്പർ, തീയതി | 2/19-20 , 30.12.19= 68796<br>4/19-20 , 16.1.20 = 52416<br>5/19-20 , 12.2.20 = 78788 |
| നിർവ്വഹണോദ്യോഗസ്ഥ | ഹെഡ് മിസ്ട്രസ്സ് |

മേൽ പ്രോജക്ടിനായി ഭക്ഷണം വിതരണം വിതരണം ചെയ്യതിന് ഒരുമ കുടുംബശ്രീ കഫേ യൂണിറ്റിന് വികസനഫണ്ടിൽ നിന്നും 200000 രൂപ നൽകിയിട്ടുണ്ട്. ടി സ്ഥാപനം ഓരോ സ്കൂളുകളിലേക്കും സാധനങ്ങൾ വിതരണം ചെയ്യതിന്റെ ബില്ല് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. ആണ്ടൂർ ഗവ.യുപിഎസ് , കെ.ആർ നാരായണൻ സ്മാരക സ്കൂൾ , ഗവ. എൽ.പി.എസ് പാവക്കൽ ., മണ്ണയ്ക്കനാട് ഗവ.യുപിഎസ് എന്നീ സ്കൂളുകളിലാണ് പ്രഭാതഭക്ഷണം വിതരണം ചെയ്തിരിക്കുന്നത്. പ്രഭാതഭക്ഷണം വിതരണം ചെയ്യത് സംബന്ധിച്ച് അതാത് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിന് ടെണ്ടർ/ ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല.

അപാകതകൾക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 2) നൽകുകയുണ്ടായി. പുറത്തുനിന്നും കുട്ടികൾക്കാവശ്യമായ പ്രഭാതഭക്ഷണം വാങ്ങിയാൽ ഗുണനിലവാരം കുറയും എന്ന അഭിപ്രായം വന്നതിനാൽ 21.11.19 ലെ കമ്മറ്റിയുടെ 1(2) നമ്പർ തീരുമാനപ്രകാരമാണ് കുടുംബശ്രീയെ ചുമതലയേൽപ്പിച്ചതെന്നാണ് ലഭ്യമായ മറുപടി. അപാകത തുടർ വർഷങ്ങളിൽ ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-27 കന്നുകുട്ടി പരിപാലനം

| | |
|---|---|
| പ്രോജക്ട്(പ്രോജക്ട് നം.) | കന്നുകുട്ടി പരിപാലനം(105/20) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 24 ലക്ഷം<br>വികസന ഫണ്ട്(ജനറൽ) - 7 ലക്ഷം<br>സംസ്ഥാനാവിഷ്കൃത ഫണ്ട് - 5 ലക്ഷം<br>ഗുണഭോക്താവ് നേരിട്ട് ചെലവഴിക്കുന്നത്- 12 ലക്ഷം |
| ചെലവ് | 7 ലക്ഷം രൂപ വികസന ഫണ്ട്(ജനറൽ) |
| ചെലവ് വിശദാംശം | 3.75 ലക്ഷം CB-02/2019-20/06.02.2020<br>1.25 ലക്ഷം CB-03/2019-20/06.02.2020<br>2 ലക്ഷം CB-04/2019-20/06.02.2020<br>ആകെ പഞ്ചായത്ത് ഫണ്ട് ചെലവ്-7 ലക്ഷം |

പ്രോജക്റ്റ് പ്രകാരം നാല് മുതൽ ആറുമാസം വരെ പ്രായമുള്ള പശുകിടാക്കളെ തെരഞ്ഞെടുത്ത് 32 മാസം വരെയോ പ്രസവിക്കുന്നത് വരെയോ പകുതി വിലയ്ക്ക് കാലിത്തീറ്റ നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. 2019-20 വർഷം 96 ഗുണഭോക്താക്കളുടെ കിടാരികളെയാണ് പ്രോജക്ടിൽ എൻറോൾ ചെയ്തത്. 80 ഗുണഭോക്താക്കൾക്ക് 6,250 രൂപ നിരക്കിൽ 5 ലക്ഷം രൂപയും 16 ഗുണഭോക്താക്കൾക്ക് 12,500/- രൂപ നിരക്കിൽ 2 ലക്ഷം രൂപയും ഉൾപ്പടെ 7 ലക്ഷം രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാൾഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം ഓഫീസറുടെ 708011400000050 നം. ട്രഷറി അക്കൗണ്ടിലേക്ക് അടവാക്കി.

പ്രത്യേക മൃഗസംരക്ഷണ പദ്ധതി വ്യക്തിഗത നാൾവഴി വിതരണ രജിസ്റ്റർ പ്രകാരം 96 ഗുണഭോക്താക്കൾക്കും 4/2020 മാസത്തിൽ കന്നുകുട്ടികളുടെ ഏഴാം മാസം മുതലുള്ള കാലിത്തീറ്റ വിതരണം ആരംഭിച്ചു. 8/2021 മാസം 23-ാം മാസത്തെ കാലിത്തീറ്റ വിതരണം കൊണ്ട് കാലിത്തീറ്റ വിതരണം നിർത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.1/2019-20 /28.01.2022) നൽകിയതിന് സബ്സിഡി തുക തീർന്നതിനാലാണ് ഫീഡ് വിതരണം അവസാനിപ്പിച്ചത് എന്ന് മറുപടി നൽകി. മറുപടിയോടൊപ്പം ഹാജരാക്കിയ പ്രോജക്റ്റ് വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം 01/10/2021 ൽ പൂർത്തിയാക്കിയ പ്രോജക്ടിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും അടവാക്കിയ വിഹിതത്തിൽ 9,421/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ടി തുക തിരികെ സർക്കാരിലേക്ക് അടവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 തുമ്പൂർമൂഴി പ്രൊജക്റ്റ്-ലക്ഷ്യം കൈവരിച്ചില്ല

വിഇഒ നിർവഹണം നടത്തിയ മാലിന്യ നിർമാർജനം-മരങ്ങാട്ടുപിള്ളി മാർക്കറ്റിൽ തുമ്പൂർമൂഴി സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി 2019-20 വർഷത്തിൽ വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും ആകെ അടങ്കൽ തുകയായ 238000 രൂപയുടെ 20% തുകയായ 47600 രൂപ അഡ്വാൻസായി സോഷ്യോ എക്കോണമിക് യൂണിറ്റിന് നൽകിയിരുന്നു. മാർക്കറ്റിൽ സ്ഥാപിക്കാനാണ് പ്രോജക്റ്റ് തയ്യാറാക്കിയതെങ്കിലും നിലവിൽ എസ് സി കമ്മ്യൂണിറ്റി ഹാളിനു സമീപമുള്ള പഴയ മാർക്കറ്റ് കോമ്പൗണ്ടിലാണ് ബിന്നുകൾ സ്ഥാപിച്ചത്. സ്ഥല പരിശോധനയിൽ കമ്പോസ്റ്റ് ബിന്നുകൾ സ്ഥാപിച്ചതിനു ശേഷം ഒരിക്കൽ പോലും മാലിന്യം നിക്ഷേപിച്ചിട്ടില്ലെന്നും ഇനോക്കുലം ഉപയോഗിക്കാതെ ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണെന്നും ബോധ്യപ്പെട്ടു. കമ്പോസ്റ്റ് ബിന്നുകൾ സ്ഥാപിച്ച സ്ഥലത്ത് ഖര ജൈവ മാലിന്യങ്ങൾ നിക്ഷേപിക്കപ്പെടുന്ന പ്രദേശമല്ലെന്നും അവിടേക്ക് പഞ്ചായത്തിന്റെ മറ്റ് പ്രദേശങ്ങളിൽ നിന്നും മാലിന്യം എത്തിച്ച് സംസ്കരിക്കുന്ന സാഹചര്യം നിലവിലില്ലെന്നും ബോധ്യപ്പെട്ടു. നിലവിൽ 238000 രൂപ ചെലവഴിച്ച പ്രോജക്റ്റ് ലക്ഷ്യം കൈവരിച്ചിട്ടില്ലാത്ത അവസ്ഥയിലാണുള്ളത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് 30.9.20 ൽ പ്രവർത്തനോൽഘാടനം നടത്തിയ പ്ലാന്റിൽ ടൗണിലെ സ്ഥാപനങ്ങളിൽ നിന്നും കടകളിൽ നിന്നും ജൈവമാലിന്യങ്ങൾ ശേഖരിച്ച് എത്തിക്കാൻ താൽക്കാലിക സ്വീപ്പറെ ഏർപ്പാടാക്കിയെങ്കിലും പ്രാവർത്തികമായില്ല. കോവിഡ് മഹാമാരി രൂക്ഷമായതിനാൽ ടൗണിലെ കടകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ജൈവമാലിന്യങ്ങൾ ശേഖരിക്കുന്ന പ്രവൃത്തി സാധ്യമാകുന്നില്ലെന്നും കോവിഡിന്റെ തീവ്രത കുറയുന്ന മുറയ്ക്ക് പ്ലാന്റിൽ ജൈവമാലിന്യങ്ങളെത്തിച്ച് പ്ലാന്റ് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. വലിയ തുക മുടക്കി മാലിന്യനിർമാജനം ലക്ഷ്യമിട്ട് സ്ഥാപിച്ച പ്ലാന്റ് പ്രവർത്തനലക്ഷ്യം കൈവരിക്കുന്നത് ഉറപ്പു വരുത്തേണ്ടതാണ്.

## 1-29 ഹരിത കർമ്മസേനയുടെ പ്രവർത്തനം-ഫലപ്രദമായി നടപ്പാക്കേണ്ടതാണ്

-പഞ്ചായത്തിൽ 2019-20 ൽ ഹരിതകർമ്മസേന പ്രവർത്തിച്ചിരുന്നത് വയബിലിറ്റി ഗാപ്പ് ഫണ്ട് വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച് തുക ഹരിതകർമ്മസേനാംഗങ്ങൾക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നൽകിയാണ്. ഇതിനായി 154000 രൂപയാണ് 2019-20 ൽ ചെലവഴിച്ചത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 12.08.2020 ലെ സ.ഉ. ( സാധാ ) നം. 1496/2020 പ്രകാരം മാലിന്യസംസ്കരണത്തിനായി ഹരിതകർമ്മ സേനപ്രവർത്തിക്കുമ്പോൾ അനുവർത്തിക്കേണ്ട കാര്യങ്ങൾ

സംബന്ധിച്ച് പ്രവർത്തന മാർഗരേഖ നൽകിയിട്ടുണ്ട്. നിലവിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങളിൽ കണ്ടെത്തിയ ഏതാനും അപാകതകൾ താഴെ കൊടുക്കുന്നു.

1. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ തീരുമാനിക്കുന്ന യൂസർ ഫീസ് പിരിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനത്തിലെ കൺസോർഷ്യത്തിന്റെ മേൽനോട്ടത്തിൽ രസീത്ബുക്ക് പ്രിന്റ് ചെയ്ത് സീൽ ചെയ്ത് യൂസർഫീസ് രേഖപ്പെടുത്തി യൂസർ ഫീസ് പിരിക്കേണ്ടതാണെന്ന് മാർഗരേഖ വ്യക്തമാക്കുന്നു. നിലവിൽ യൂസർഫീസ് പിരിക്കുന്നതിനായി പ്രിന്റ് ചെയ്തിട്ടുള്ള ബിൽബുക്കുകളുടെ സ്റ്റോക്ക് സംബന്ധിച്ചോ വിതരണത്തിന് എത്രയെണ്ണം നൽകിയിട്ടുണ്ടെന്നത് സംബന്ധിച്ചോ വിശദാംശങ്ങൾ ലഭ്യമായില്ല. രസീത് ബുക്കുകളുടെ കൃത്യമായ സ്റ്റോക്ക് രേഖപ്പെടുത്തേണ്ടതും ക്രമത്തിൽ വിതരണം നടത്തേണ്ടതുമാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് 120 രസീത് ബുക്കുകളാണ് ആകെ അച്ചടിച്ചതെന്നും നിലവിൽ വിവിധ വാർഡുകളിലേക്കായി നൽകുന്ന രസീത് ബുക്കുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പരിശോധനയിൽ രസീത് ബുക്കുകൾ ക്രമത്തിലല്ല കൊടുത്തിട്ടുള്ളതെന്നും ആകെ രസീത് ബുക്കുകൾ, പിരിവിനായി കൊടുത്തവ, ബാലൻസ് നിൽക്കുന്ന രസീത് ബുക്കുകൾ എന്നിവ സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും വ്യക്തമാകുന്നില്ലെന്നും ബോധ്യപ്പെട്ടു. രസീതു ബുക്കുകളുടെ വിതരണത്തിൽ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധ പുലർത്തേണ്ടതാണ്.

2. എംസിഎഫിൽ നിന്നും കൃത്യമായ ഇടവേളകളിൽ പാഴ്വസ്തുക്കൾ നിർമാർജ്ജനം ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനം ക്ലീൻ കേരള കമ്പനിയുമായോ മറ്റ് അനുയോജ്യമായ ഏജൻസികളുമായോ കരാറിലേർപ്പെടേണ്ടതും പാഴ് വസ്തുക്കളുടെ നീക്കം തടസ്സപ്പെടാതെ നോക്കണ്ടതുമാണെന്ന് മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ ഇത്തരത്തിൽ കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല. നിലവിൽ പഞ്ചായത്ത് പരിധിയിലുള്ള മിക്ക മിനി എംസിഎഫുകളും നിറഞ്ഞ അവസ്ഥയിലാണുള്ളതെന്ന് സ്ഥല പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. മാലിന്യ നീക്കം കൃത്യമായി നടപ്പാക്കുന്നതിന് ആവശ്യമായ കരാറുകളിലേർപ്പെടേണ്ടതാണ്. ഇതിന് മറുപടിയായി 2019-20 ൽ ഭരണസമിതി പല തവണ ചർച്ചകൾ നടത്തിയെങ്കിലും ക്ലീൻ കേരള കമ്പനിയുമായി കരാറുണ്ടാക്കിയില്ലെന്നും 2020-21 ൽ കരാറിലേർപ്പെട്ടിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. നിലവിലും മാലിന്യനീക്കം കൃത്യമായി നടപ്പാക്കാനാകാത്ത സാഹചര്യത്തിൽ മാലിന്യ നീക്കം സുഗമമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ പരിഹരിച്ച് ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായും പരാതികളില്ലാതെയും നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-30 റോഡ് കോൺക്രീറ്റിങ്ങിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം നടപ്പാക്കിയ റോഡ് കോൺക്രീറ്റിങ്ങ് പ്രവൃത്തികൾക്ക് പ്രതലം ഒരുക്കുന്നതിന് കൃത്യമായ സ്പെസിഫിക്കേഷൻ ഉപയോഗിച്ചിരുന്നില്ലായെന്ന് കാണുന്നു. ഒന്നാമത്തെ ഇനമായി പ്രൈസ് സോഫ്റ്റ് വെയറിലെ 2.1.1 ൽ ഉൾപ്പെടുന്ന EW In Surface Excavation, 10cm കനത്തിൽ ചെയ്യുന്നതിന് 73.13/-രൂപ നിരക്കിലാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ളത് Surface Dressing (കനം കണക്കിലെടുക്കാതെ Area യുടെ അടിസ്ഥാനത്തിൽ) എന്ന സ്പെസിഫിക്കേഷൻ അടിസ്ഥാനത്തിലുള്ള പ്രവൃത്തിയാണ്. പ്രൈസ് സോഫ്റ്റ് വെയറിലെ 2.28.1 ഇനമായ Surface Dressing ന് ബാധകമായ നിരക്ക് Rs. 19.24/m2 ആണ്. കുറഞ്ഞനിരക്കിൽ Surface Dressing ന് കൃത്യമായ ഇനം പ്രൈസിൽ ഉള്ളപ്പോൾ കൂടിയ നിരക്കുള്ള EW In Surface Excavation ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയതിനും കോൺക്രീറ്റിങ്ങ് നടക്കുന്ന അതേ അളവിൽ പ്രതലം ഒരുക്കുന്ന പ്രവൃത്തികൾ ചെയ്യാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം12) മറുപടിയായി സ്ഥലത്തിന്റെ ഭൗതിക സാഹചര്യം പരിഗണിച്ച് EW Excavation ആണ് നടത്തേണ്ടതെന്നും എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ വന്ന അപാകതയാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ EW Excavation ന് ക്യൂബിക് മീറ്ററിലാണ്

അളവെടുക്കേണ്ടതും എം ബുക്കിൽ രേഖപ്പെടുത്തേണ്ടതും എന്നിരിക്കെ ഗ്രാമപഞ്ചായത്തിലെ എല്ലാ കോൺക്രീറ്റിങ്ങ് പ്രവൃത്തികൾക്കും എം ബുക്കിൽ കനം കണക്കിലെടുക്കാതെ രേഖപ്പെടുത്തൽ വരുത്തിയതിൽ അപാകതയുണ്ട്. കൃത്യമായ സ്പെസിഫിക്കേഷൻ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-31 മുഴുവൻ പ്രവർത്തികളും പൂർത്തീകരിക്കാതെ ഫൈനൽ ബിൽ നൽകി

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 122/2020കുര്യനാട് സബ്സെന്റർ അറ്റകുറ്റപ്പണി |
| അടങ്കൽ | 200000/-(CFC ഗ്രാന്റ് ) |
| ചെലവ് | 97123/-(ബിൽ നം 3/10-6-19) |
| കരാറുകാരൻ | ജയൻ ഫിലിപ് |
| കരാർ നം | 35/AE/LSGD/MGPLY/20-10-18 |

കുര്യനാട് സബ് സെന്റർ അറ്റകുറ്റപ്പണിയ്ക്കായി തയ്യാറാക്കിയ പ്രസ്തുത എസ്റ്റിമേറ്റിൽ പെയിന്റിങ്ങ്, ഇന്റർലോക്കിങ്ങ്, റൂഫ് വർക്ക് എന്നിവ ഉൾപ്പെട്ടിരുന്നു. എന്നാൽ എസ്റ്റിമേറ്റ് ഇനം നം 3) ട്രസ് വർക്ക്, 6) പേവർ ബ്ലോക്ക് ടൈൽ, 16) PCC 1:2:4 എന്നീ പ്രവൃത്തികൾ ചെയ്യാതെ തന്നെ കരാറുകാരന് ഫൈനൽ ബിൽ നൽകിയതായി കാണുന്നു. 1-ാമത്തെ ഇനമായ Steelwork For Purlin , 254.62Kg യാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ എംബുക്ക് പ്രകാരം 47.657Kg മാത്രമാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള കരാർ വച്ചതിനുശേഷം മുഴുവൻ പ്രവൃത്തിയും പൂർത്തിയാക്കാതെ ഫൈനൽ ബിൽ നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 13) മറുപടിയായി സമയക്കുറവ് മൂലം എസ്റ്റിമേറ്റ് തയ്യാറാക്കലിന് വേണ്ടത്ര സാവകാശം ലഭിച്ചില്ലായെന്നും മറ്റ് പ്രവൃത്തികൾ ചെയ്യേണ്ടതില്ലായെന്ന സബ്സെന്റർ അധികാരികളുടെ അഭ്യർത്ഥന മാനിച്ചുമാണ് ഒഴിവാക്കിയതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ സബ്സെന്റർ അധികാരികളുടെ രേഖാമൂലമുള്ള അഭ്യർത്ഥനയോ പഞ്ചായത്ത് കമ്മറ്റിയുടെ അനുമതിയോ ഇല്ലാതെ കരാർ വച്ച പ്രവത്തികളിൽ നിന്നും ഒവിവാക്കുന്ന നടപടി ക്രമപ്രകാരമല്ല. പ്രവൃത്തികൾ ഒഴിവാക്കുന്ന ഘട്ടത്തിൽ കമ്മറ്റിയുടെ അനുമതിയോടെ മാത്രം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-32 GST ഈടാക്കിയിട്ടില്ല

സ.ഉ(അച്ചടി)നം87/2017തസ്വഭവ തീയതി 1.11.17 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2.5 ലക്ഷത്തിന് മുകളിൽ കരാർ തുക വരുന്ന പ്രവൃത്തികളുടെ ബിൽ തുക നൽകുന്നതിൽ നിന്നും 2%GST(TDS) കുറവ് ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് സ്രോതസിൽ നിന്നും കുറവ് ചെയ്യേണ്ട GST ഈടാക്കിയിരുന്നില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 130/20ലീഡിങ്ങ് ചാനൽ നിർമ്മാണം |
| അടങ്കൽ | 300000/-(പൊതുവിഭാഗം ) |
| ചെലവ്/വേലമൂല്യം | 260089/-(bill No 15/1-7-19, 39/30-1-20) |
| കരാറുകാരൻ | ജയൻ ഫിലിപ്പ് |
| കരാർ നം | 36/AE/LSGD/MGPLY/20-10-18 |
| കുറവ് ചെയ്യേണ്ടിയിരുന്നGST(2%) | 5202 |

2.

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 117/20മൃഗാശുപത്രി അറ്റകുറ്റപ്പണി |
| അടങ്കൽ | 445209/-( CFC ) |
| ചെലവ്/വേലമൂല്യം | 426848/-(bill No 6/10-6-19, 37&38/30-1-20) |
| കരാറുകാരൻ | ജയൻ ഫിലിപ്പ് |
| കരാർ നം | 64/AE/LSGD/MGPLY/05-03-19 |
| കുറവ് ചെയ്യേണ്ടിയിരുന്ന GST(2%) | 8536 |

3.

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 137/20 വനിതാ വിപണനകേന്ദ്രം നിർമ്മാണം |
| അടങ്കൽ | 490000/-( പൊതുവിഭാഗം )<br>തൻവർഷം -282631/- |
| ചെലവ്/വേലമൂല്യം | 458316/-<br>തൻവർഷ ചെലവ്-250947 (Bill No 20/9-12-19) |
| കരാറുകാരൻ | ജയൻ ഫിലിപ്പ് |
| കരാർ നം | 57/AE/LSGD/MGPLY/05-03-19 |
| കുറവ് ചെയ്യേണ്ടിയിരുന്നGST(2%) | 9166 |
| കുറവ് ചെയ്ത GST | 5018 |
| ഈടാക്കാനുള്ളGST | 4148 |

സ്രോതസിൽ കുറവ് ചെയ്യേണ്ടിയിരുന്ന GST(2%) ഈടാക്കാത്തതിനും/കുറവായി ഈടാക്കിയതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം14) മറുപടിയായി കരാറുകാരൻ 2019-20 വർഷം ഫയൽ ചെയ്ത GST റിട്ടേൺ ഹാജരാക്കിയിരുന്നു. എന്നാൽ പ്രസ്തുത റിട്ടേണിൽ മേൽ പരാമർശിച്ച വർക്കുകളുടെ GST കൂടി ഉൾപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക അസാദ്ധ്യമാണ്. സ്രോതസിൽ കുറവ് വരുത്തേണ്ട GST കുറവ് വരുത്തിയെന്ന് ഉറപ്പാക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയാണ്. ആയത് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും GSTഈടാക്കി ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

### 1-33 വർക്കേഴ്സ് വെൽഫെയർ ഫണ്ടിൽ നിന്നും 1% തുക സർവീസ് ചാർജ് ഈടാക്കിയിട്ടില്ല

കേരള ബിൽഡിങ്ങ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്റ്റ് 1996 ആക്റ്റ് 28 സെക്ഷൻ 3(3) പ്രകാരം കേരളാ വർക്കേഴ്സ് വെൽഫെയർഫണ്ടിനായി ഈടാക്കുന്ന തുകയിൽ നിന്നും 1% സർവീസ് ചാർജായി തദ്ദേശസ്വയംഭരണസ്ഥാപനത്തിന് ഈടാക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2019-20,വർഷം വർക്ക് ബില്ലുകളിൽ നിന്നും പ്രസ്തുത സർവീസ് ചാർജ് ഈടാക്കിയിരുന്നില്ലായെന്ന് കാണുന്നു. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 11) മറുപടിയായി നടപ്പ സാമ്പത്തികവർഷം മുതൽ ആയതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വർക്ക് ബില്ലുകളിൽ നിന്നും കേരളാ വർക്കേഴ്സ് വെൽഫെയർഫണ്ടിനായി ഈടാക്കുന്ന തുകയിൽ നിന്നും 1% സർവീസ് ചാർജായി ഈടാക്കി തനത്ഫണ്ടിലൊടുക്കേണ്ടതാണ്.

1-34 മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും നൽകുന്നു

പഞ്ചായത്തിലെ സാമൂഹ്യക്ഷേമ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|
| ജോസഫ് ഔസേപ്പ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105190200828 | 1.3.2020 | 4/20-2/21 | 16500 |
| ജോസഫ് മത്തായി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105190200641 | 4.3.2020 | 4/20-12/21 | 32400 |
| ഏലിക്കുട്ടി ജോസഫ് | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105190200286 | 25.2.2020 | 3/20-12/21 | 33900 |
| ത്രേസ്യാമ്മ കുര്യൻ | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 105190600137 | 10.2.2020 | 3/20-12/21 | 32200 |
| രാമകൃഷ്ണൻ ഉണ്ണി | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 105190200223 | 17.1.2020 | 2/20-12/21 | 35400 |

ഗുണഭോക്താവ് മരണപ്പെട്ടതിനു ശേഷം വളരെക്കാലമായി ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നത് തുടരുകയാണ്. പഞ്ചായത്തിലെ മരണ രജിസ്റ്ററുമായി ചേർത്ത് പരിശോധിച്ച ഏതാനും ഗുണഭോക്താക്കളുടെ മാത്രം കണക്കാണിത്. ഇതു കൂടാതെ മറ്റ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ലാത്തതിനാൽ ആ ഗണത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും മരണ ശേഷം തുക കൈമാറുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന് അനുമാനിക്കാം. ധനകാര്യ വകുപ്പിന്റെ 23.09.2020 ലെ സ.ഉ.(എം.എസ്) നം.97/2020/ധന പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ

സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മരണത്തീയതിക്ക് ശേഷം പെൻഷണറുടെ അക്കൗണ്ടിലേക്ക് അടവാക്കിയ തുക അറിയിപ്പ് നൽകി തിരികെ അടപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ടി അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-35 വിനിയോഗവിവരം ലഭ്യമാകാത്ത ഡെപ്പോസിറ്റ് വർക്കുകൾ

തൻവർഷം സെക്രട്ടറി നിർവ്വഹിച്ച വിവിധ ഡെപ്പോസിറ്റ് വർക്കുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | ചെലവ് തുക,ഫണ്ടിനം | ബിൽ നമ്പർ തീയതി | സ്ഥാപനം |
|---|---|---|---|---|
| 1 | 87/20 വട്ടംകുഴി മണമേൽ റോഡ് സ്ട്രീറ്റ് മെയിൻ | 66045/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 25/19-20, 23.10.19 | കെ.എസ്.ഇ.ബി |
| 2 | 21/20 ഇല്ലിക്കൽ നെല്ലാനിക്കാട്ട് പാറ റോഡ് സ്ട്രീറ്റ് മെയിൻ | 51370/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 27/19-20, 12.11.19 | കെ.എസ്.ഇ.ബി |
| 3 | 206/20 പാലയ്ക്കാട്ടുമല ചിറക്കുളം റോഡിൽ പോസ്റ്റ് മാറ്റൽ | 22720/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 40/19-20, 18.3.20 | കെ.എസ്.ഇ.ബി |
| 4 | 207/20 വലിയപാറ അംഗനവാടിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാകൽ | 16703 തനത് ഫണ്ട് | | കെ.എസ്.ഇ.ബി |
| | ആകെ | 156838 | | |

കെ.എസ്.ഇ.ബിയുമായി കരാറിലേർപ്പെട്ടിട്ടുണ്ടെങ്കിലും പ്രോജക്ടുകളുടെ പൂർത്തീകരണ തീയതി സംബന്ധിച്ച് കരാറിൽ എഴുതിച്ചേർത്തിട്ടില്ല.

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ആയതിലേക്കായി 156,838/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 19/05/2020-ലെ 4(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 28/01/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2019-20 വർഷം സംയുക്ത പ്രോജക്ടിനായി ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് 428,750/- രൂപ ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര്(നം.) | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, ഉഴവൂർ | 2019-20 | 78,750/- | നെൽകൃഷി വികസന പദ്ധതി(2/20) | 78,750/- | 0 |
| | 2019-20 | 150,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(81/20) | 150,000/- | 0 |
| ആകെ | | 228,750/- | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 228,750/- | - |
| കോട്ടയം ജില്ല | 2019-20 | 200,000/- | ശാരീരിക മാനസിക വെല്ലുവിളി | 200,000/- | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | നേരിടുന്നവർക്ക് സ്കോളർഷിപ്പ്(81/20) | | |
| ആകെ | | 200,000/- | ജില്ല പഞ്ചായത്ത് വിഹിതം | 200,000/- | - |

ജില്ല-ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ പ്രോജക്ട് മാപ്പിങ്ങിലൂടെ യഥാക്രമം 160300101, 160300102 എന്നീ റവന്യൂശീർഷകങ്ങളിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. റവന്യൂ ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുന്ന ഗ്രാന്റിന്റെ വിനിയോഗത്തിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2019-20 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിൽ സെക്രട്ടറി നടപ്പാക്കിയ 19 എണ്ണം പ്രോജക്ടുകളിലൂടെ 1,319,591/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. 15 പ്രോജക്ടുകൾക്ക 31/01/2022 വരെ 1,162,753/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചു. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം പ്രോജക്ട് തിരിച്ച് താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| 1. | മണിയാക്കുപാറ കുഭക്കോട് റോഡ് സ്ട്രീറ്റ് മെയിൻ(വാർഡ്-2) (19/20) | 66,032/- | 066,032/- | 0 |
| 2. | മണ്ണയ്ക്കനാട് ചെറുകൊമ്പ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(വാർഡ്-13) (20/20) | 66,071/- | 66,071/- | 0 |
| 3. | ഇല്ലിക്കൽ നെല്ലാനിക്കാട്ട്പാറ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(വാർഡ്-6) (21/20) | 51,370/- | 0 | 51,370/- |
| 4. | ഉഴവൂർ വിജയൻ റോഡ് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ(വാർഡ്-3) (74/20) | 75,000/- | 75,000/- | 0 |
| 5. | ചെത്തിമറ്റം പെരുന്താനം സ്ട്രീറ്റ് മെയിൻ (വാർഡ്-3) (75/20) | 23,600/- | 23,600/- | 0 |
| 6. | മരങ്ങാട്ടുപിള്ളി കണ്ണം ചിറ സ്ട്രീറ്റ് മെയിൻ (വാർഡ്-5) (76/20) | 96,071/- | 96,071/- | 0 |
| 7. | പൊടിമറ്റം വലിയമരുത് | 66,021/- | 66,021/- | 0 |

| | | | | |
|---|---|---|---|---|
| | സ്ലീറ്റ് മെയിൻ (വാർഡ്-8) (77/20) | | | |
| 8. | വലിയപാറ കുറിച്ചിത്താനം റോഡ് സ്ലീറ്റ് മെയിൻ (വാർഡ്-11) (79/20) | 65,608/- | 65,608/- | 0 |
| 9. | വില്ലേജ് ഓഫീസ് പോക്കാട് റോഡ് സ്ലീറ്റ് മെയിൻ (വാർഡ്-10) (85/20) | 66,071/- | 66,071/- | 0 |
| 10. | മണ്ണയ്ക്കനാട് തുരുത്തിക്കാട് റോഡ് സ്ലീറ്റ് മെയിൻ (വാർഡ്-12) (86/20) | 66,071/- | 66,071/- | 0 |
| 11. | വട്ടംകുഴി മണമേൽ റോഡ് സ്ലീറ്റ് മെയിൻ (വാർഡ്-14) (87/20) | 66,045/- | 0 | 66,045/- |
| 12 | പൈക്കാട് ആലയ്ക്കാപ്പള്ളി റോഡിലേക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ(വാർഡ്-9) (97/20) | 66,071/- | 66,071/- | 0 |
| 13. | ആലയക്കാപ്പള്ളി വട്ടിഞ്ച റോഡ് സ്ലീറ്റ് മെയിൻ (142/20) | 149,506/- | 149,506/- | 0 |
| 14. | പാറക്കടി വാളമ്മനാൽ റോഡ് സ്ലീറ്റ് മെയിൻ വലിക്കൽ(143/20) | 75,166/- | 75,166/- | 0 |
| 15. | പാറക്കടി വാളമ്മനാൽ റോഡ് സ്ലീറ്റ് മെയിൻ വലിക്കൽ(144/20) | 74,906/- | 74,906/- | 0 |
| 16. | പൂവത്തുങ്കൽ മുണ്ടിയാനിപ്പറം സ്ലീറ്റ് മെയിൻ | 139,299/- | 139,299/- | 0 |

| | | | | |
|---|---|---|---|---|
| | വലിക്കൽ(158/20) | | | |
| 17. | പ്ലാത്തോട്ടം ചുരം റോഡിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (173/20) | 67,260/- | 67,260/- | 0 |
| 18. | പാലയക്കാട്ടുമല ചിറക്കുളം റോഡിനു സമീപം പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ (206/20) | 22,720/- | 0 | 22,720/- |
| 19. | വലിയപാറ അംഗൻവാടിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ (207/20) | 16,703/- | 0 | 16,703/- |
| | ആകെ | 1,319,591/- | 1,162,753/- | 156,838/- |

2019-20 റിസീറ്റ് & പേമെന്റ് പത്രിക പ്രകാരം 1,308,982/- രൂപയാണ് കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചതായി അക്കൗണ്ട് ചെയ്തത്. സുലേഖ ചെലവ് പത്രിക പ്രകാരമുള്ള ഡെപോസിറ്റ് തുകയുമായി 10,609/- രൂപയുടെ വ്യത്യാസം കാണുന്നു. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതാണ്.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും 2019-20 വർഷം കൺവീനർ പ്രവൃത്തിൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

2019-20 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു. പഞ്ചായത്ത് ഭവന പദ്ധതി വായ്പ മരങ്ങാട്ടുപിള്ളി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നാണ് എടുത്തിട്ടുള്ളത്. പ്രസ്തുത വായ്പയുടെ മുതൽ, പലിശ തിരിച്ചടവും ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| പഞ്ചായത്ത് ഭവന പദ്ധതി | - | 5,198,000/- | ഇല്ല | 800,000/- | 587,215/- | 4,398,000/- |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018 /തസ്വഭവ/ 18.05.2018 | 895,020/- | ഇല്ല | 147,059/- | - | 747,961/- |

സെക്രട്ടറിയുടെ 199/20, 205/20 നം. പ്രോജക്ടുകൾ പ്രകാരം വികസന ഫണ്ടിൽ(General) നിന്നും ആകെ 147,059/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് KURDFC വായ്പ തിരിച്ചടവ് നടത്തിയത്. പഞ്ചായത്ത് ഭവന പദ്ധതി വായ്പ മുതൽ(P) തിരിച്ചടവ് 8 ലക്ഷം രൂപ

സെക്രട്ടറിയുടെ പ്രോജക്റ്റ് നം.88/20 പ്രകാരമാണ് [വികസന ഫണ്ട്(ജനറൽ)-1.5 ലക്ഷം, തനത് ഫണ്ട്-6.5 ലക്ഷം]. പഞ്ചായത്ത് ഭവന പദ്ധതി വായ്പ പലിശ തിരിച്ചടവ് 587,215/- രൂപ(തനത് ഫണ്ട്) സെക്രട്ടറിയുടെ പ്രോജക്റ്റ് നം.89/20 പ്രകാരമാണ് നടത്തിയത്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൻ പ്രകാരമുള്ള 2019-20 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 25,000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 25,000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2020-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 25,000/- |

2 എണ്ണം സ്ഥിരനിക്ഷേപങ്ങളുടെ ബാങ്ക്, FD അക്കൗണ്ട് നമ്പർ എന്നിവ താഴെ കൊടുക്കുന്നു. സ്ഥിരനിക്ഷേപം പലിശ 2019-20 വർഷം ലഭിച്ചത് 4,750/- രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് പിൻവലിച്ചു. സ്ഥിരനിക്ഷേപ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. സ്ഥിരനിക്ഷേപത്തിന്റെ വിശദാംശം രജിസ്റ്റർ സൂക്ഷിച്ച് മുതൽ, പലിശ എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | The Marangattupilly Service C0-Operaive Bank Ltd No.3556, Marangattupilly |
| ബാങ്ക് ശാഖ | മരങ്ങാട്ടുപിള്ളി |
| എഫ്. ഡി. അക്കൌണ്ട് നം. (2 അക്കൌണ്ടുകൾ) | 50596/11.02.2010 – 10,000/-<br>44037/02.01.2008 – 15,000/-<br>ആകെ – 25,000/- രൂപ |
| വാർഷിക പലിശ നിരക്ക്/ 2019-20 പലിശ വരവ് | 50596/11.02.2010 – 8.25% , 2,050/-<br>44037/02.01.2008 – 8% , 2,700/-<br>ആകെ പലിശ 2019-20 – 4,750/- രൂപ |

## 4-7 ഓഡിറ്റ് റിക്കവറി

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3.3 | 2011-12 | 2.6 | നിക്ഷേപ പ്രവൃത്തികൾ | നിയമസഭാ സമിതിയുടെ |

| | | | | | |
|---|---|---|---|---|---|
| | | | | നടപടിക്രമങ്ങൾ പാലിക്കുന്നില്ല കെ.എസ്.ഇ.ബി. 97360 | പരിഗണനയിലാണ് |
| | | 1998 | II 9(1) | നോമിനേഷൻ മസ്റ്റർ റോൾ സൂക്ഷിക്കാതെ കൂലി നൽകിയ പ്രവണത ഉപാധിരഹിത ഫണ്ട് ഇനത്തിൽ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി 1.10.96 മുതൽ 31.3.97 വരെ പഞ്ചായത്ത് ഫണ്ടിൽ നിന്നും പിൻവലിച്ച തുക -1,90,077/- രൂപ | |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

മരങ്ങാട്ടുപിള്ളി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 53,446,685/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 38,436,084/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 517368/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 16,000/- | ഷീബ സ്റ്റീഫൻ, സെക്രട്ടറി |
| 1-20 | 200,570/- | ഷീബ സ്റ്റീഫൻ, സെക്രട്ടറി |
| 1-22 | 143,960/- | ഷീബ സ്റ്റീഫൻ, സെക്രട്ടറി |

| | | |
|---|---|---|
| 1-35 | 156,838/- | ഷീബ സ്റ്റീഫൻ, സെക്രട്ടറി |
| ആകെ | 517368/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 1-32 പ്രകാരം SGST-8,943/- , CGST-8,943/-

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/01/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(1)/2018/08.01.2018 | 1 |
| 2000-01&2001-02 (പ്ലാൻ) | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(3)/2018/09.01.2018 | 1 |
| 2000-01 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(2)/2018/09.01.2018 | 2 |
| 2003-04 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(4)/2018/09.01.2018 | 2 |
| 2004-05 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(5)/2018/09.01.2018 | 1 |
| 2005-06 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(6)/2018/09.01.2018 | 2 |
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(7)/2018/09.01.2018 | 3 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(8)/2018/09.01.2018 | 2 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(9)/2018/09.01.2018 | 2 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(10)/2018/09.01.2018 | 4 |
| 2010-11 & 2011-12 | കെ.എസ്.എ.-കെ.ടി.എം.പി4(അദാ-2018)-39(11)/2018/09.01.2018 | 6 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി4/407/2015/ | 3 |

| | | |
|---|---|---|
| | 16.04.2016 | |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി4/264/2015/ 31.03.2016 | 4 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി4/1124/2016/ 23.02.2017 | 10 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി4/1174/2017/ 15.11.2017 | 6 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി4/1514/2017/ 19.10.2017 | 13 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി4/1915/2019/ 15.02.2020 | 18 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി4/457/2020/ 04.05.2020 | 27 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്